**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**നാല്പത്തിനാലാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**നാല്പത്തിനാലാമത് റിപ്പോർട്ട്**

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09, 2009-10 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

44/2016.

## ഉള്ളടക്കം

| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I : | പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 42 |
| അനുബന്ധം II : | സർക്കാർ മറുപടി | .. | 52 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) നാൽപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2008-09 മുതൽ 2009-10 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 നവംബർ മാസം 11-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 2.

# റിപ്പോർട്ട്

## വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

**(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09, 2009-10 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്)**

## വയനാട് ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചെന്നലോട് വനിതാ വ്യവസായ സംരംഭം ബാഗ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി**
**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ; ഖണ്ഡിക 3.9)**

ജില്ലാ പഞ്ചായത്തിന്റെ 2003-04 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽരഹിതരായ വനിതകൾക്ക് സ്വയംസംരംഭ തൊഴിൽമേഖല വിപുലപ്പെടുത്തൽ എന്ന ലക്ഷ്യത്തോടെ പേപ്പർ ബാഗുകൾ, റെക്സിൻ ബാഗുകൾ, തുണി ബാഗുകൾ എന്നിവ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പദ്ധതി. അഞ്ച് ലക്ഷം രൂപ അടങ്കൽ ഉള്ള ഈ പ്രോജക്റ്റിന്റെ പദ്ധതിവിഹിത ബാങ്ക് ലോൺ ഗുണഭോക്തൃ വിഹിത അനുപാതം 2:2:1 ആണ്. പിന്നീട് ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ചെന്നലോട് വിമലാ മഹിളാ സമാജം മുഖേനയാണ് പദ്ധതി നടപ്പാക്കാൻ പഞ്ചായത്ത് തീരുമാനിച്ചത്. ഗുണഭോക്തൃ സംഘടനയെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ രീതി അവലംബിച്ചതായി കാണുന്നില്ല.

പദ്ധതി അടങ്കലിൽ 1,64,000 രൂപയുടെ യന്ത്രസാമഗ്രികളും 35,000 രൂപയുടെ ഫർണിച്ചറും വാങ്ങുന്നതിന് വകയിരുത്തി. ജില്ലാ പഞ്ചായത്തിന്റെ രണ്ട് ലക്ഷം രൂപയിൽ 66,500 രൂപ തൊഴിൽ പരിശീലനത്തിനും ബാക്കി 1,33,500 രൂപ പ്രവർത്തന ഫണ്ടായും കണക്കാക്കി തൊഴിൽ പരിശീലനത്തിലുള്ള 66,500 രൂപ സ്റ്റെഡ് എന്ന സ്ഥാപനത്തിന് നൽകി ജില്ലാ പഞ്ചായത്തുതന്നെ നേരിട്ട് ചെലവാക്കി. ബാക്കി 1,33,500 രൂപ തരിയോട് സർവ്വീസ് സഹകരണ ബാങ്കിൽ ലോൺ ലഭിക്കുന്നതിനുള്ള എന്റ് സബ്സിഡിയായി 31-8-2004-ന് നൽകി. എന്നാൽ ബാങ്കും സംഘവും തമ്മിൽ എന്തെങ്കിലും തരത്തിലുള്ള എഗ്രിമെന്റ് വെച്ചതായോ ലോൺ വാഗ്ദാനം ചെയ്തതായോ രേഖയില്ല. യാതൊരു പ്രയോജനവുമില്ലാതെ പദ്ധതിപ്പണം നിഷ്ക്രിയ നിക്ഷേപമായി സഹകരണ ബാങ്കിൽ കിടന്നു. പിന്നീട് ഈ പദ്ധതിക്ക് തുടർച്ചാനുമതിയില്ലാതെ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് മുഖേന നടപ്പാക്കാൻ ശ്രമിക്കുകയും ഫണ്ട് ഗ്രാമീണ ബാങ്കിന് 12-11-2006-ന് നൽകുകയും ചെയ്തുവെങ്കിലും പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. രണ്ട് ലക്ഷം രൂപയുടെ യന്ത്രസാമഗ്രികളും ഫർണിച്ചറും വാങ്ങേണ്ടതുണ്ടെങ്കിലും ഇത്തരത്തിലുള്ള

പ്രവർത്തനം കാര്യമായി നടന്നിട്ടില്ല. സംഘം സെക്രട്ടറി ശ്രീമതി എം. എ. മേരി നൽകിയ മറുപടി പ്രകാരം തന്നെ വാങ്ങിയ യന്ത്രസാമഗ്രികൾ 40,590 രൂപയുടേത് മാത്രമാണ്. ഇതിൽ തന്നെ 24,240 രൂപയുടെ സാധാരണ തയ്യൽ യന്ത്രങ്ങളാണ് വാങ്ങിയത്. ബാഗ് നിർമ്മാണത്തിന് ആവശ്യമായ കട്ടിംഗ് മെഷീൻ, ഹെവി ഡ്യൂട്ടി തയ്യൽ മെഷീൻ, ഫോൾഡിംഗ് മെഷീൻ, ഐലറ്റ് മെഷീൻ തുടങ്ങിയവ ഒന്നുപോലും വാങ്ങിയിട്ടില്ല. ഇവയില്ലാതെ ബാഗ് നിർമ്മാണം നടക്കുകകയുമില്ല. സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോമുകൾ, മറ്റുള്ളവർക്കായി നൈറ്റി, പാവാട എന്നിവ തുന്നുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്. ആയതിനാൽ ഈ പദ്ധതിയിൽ ബാഗ് നിർമ്മാണ പരിശീലന പരിപാടിക്കായി സ്റ്റെഡ് എന്ന സ്ഥാപനത്തിന് നൽകിയ 66,500 രൂപ പാഴ്ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഒപ്പം പദ്ധതി തുടർച്ചാനുമതിപോലുമില്ലാതെ 1,33,500 രൂപ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് കാവുംമന്ദം ശാഖയിൽ നിഷ്ക്രിയ നിക്ഷേപമായി തുടരുകയും ചെയ്യുന്നു. ഇത്തരത്തിൽ പദ്ധതിപ്പണം വഴിവിട്ട് വിനിയോഗിച്ചതിനാൽ ധനസഹായം കൈമാറിയ വേളയിൽ സംഘം ഭാരവാഹികൾ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ ഉടമ്പടി അനുസരിച്ച് ഈ തുക അടിയന്തരമായി ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.5.11)

ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർക്കുന്നു.

ചെന്നലോട് വനിതാ വ്യവസായ സംരംഭമായ ബാഗ് നിർമ്മാണ യൂണിറ്റിൽ ധനസഹായം നൽകിയത് പാഴ്ചെലവായി എന്ന പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ചുവടെ പറയും പ്രകാരം മറുപടി നൽകി. സാധാരണഗതിയിൽ പദ്ധതി പൂർത്തീകരിക്കുമ്പോൾ ബാക്ക് എന്റ് സബ്സിഡിയായാണ് ബാങ്കുകൾ ഫണ്ട് റിലീസ് ചെയ്യാറുള്ളത്. എന്നാൽ പ്രസ്തുത സംരംഭത്തിന് ബാങ്കുകൾ നാല് ലക്ഷം രൂപ മുൻകൂർ നൽകിയതിനാലും കുറെയൊക്കെ തിരിച്ചടവ് നടന്നതിനാലും ജില്ലാ പഞ്ചായത്തധികൃതർ ഇതിന്മേൽ കാര്യമായി അന്വേഷിച്ചില്ല. തിരിച്ചടവ് മുടങ്ങിയ വേളയിലാണ് ഓഡിറ്റ് തടസ്സമുണ്ടായത്. തിരിച്ചടയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ബാങ്കധികൃതർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾ കമ്പോളത്തിൽ വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ടാണ് കൂടുതൽ പ്രശ്നങ്ങളുണ്ടായതെന്നും തൊഴിൽ പരിശീലനത്തിന് ജില്ലാ പഞ്ചായത്തനുവദിച്ച 66,500 രൂപ ആയതിലേക്ക് ചെലവഴിച്ചെങ്കിലും പരിശീലനം നേടിയവർ സംരംഭത്തിൽ ഉറച്ചുനിന്നില്ലെന്നും പരിശീലനം

നടത്തിയതിന്റെ രേഖകളൊന്നുമില്ലെന്നും വ്യവസായ പദ്ധതിയുടെ ഇപ്പോഴത്തെ അധികാരികളോട് അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് സമിതി മുമ്പാകെ മറുപടി നൽകുന്നതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ രണ്ട് ലക്ഷം രൂപയിൽ 1,33,500 രൂപ തരിയോട് സർവ്വീസ് സഹകരണ ബാങ്കിലും പിന്നീട് സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലും നിഷ്ക്രിയമായി നിക്ഷേപിച്ച് സർക്കാരിന് ഭീമമായ നഷ്ടം വരാനിടയാക്കിയതിന്മേൽ വ്യവസായ സംരംഭത്തിൽനിന്നും റിക്കവർ ചെയ്ത് വസൂലാക്കാനുള്ള നടപടികൾ ആരംഭിച്ചതായി ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. തുക ബാങ്കിൽ നിക്ഷേപിച്ചിട്ട് എത്ര വർഷമായി, തുക സ്ഥിരനിക്ഷേപമാക്കിയിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന പലിശയിനത്തിലുള്ള വരവ് നഷ്ടപ്പെടുത്തിയതിനുള്ള ഉത്തരവാദികൾ ആരൊക്കെയാണ്, പരിശീലനത്തിനായി ജില്ലാ പഞ്ചായത്ത് നൽകിയ 66,500 രൂപ എങ്ങനെ ചെലവഴിച്ചു എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ഗവൺമെന്റിന് ഭീമമായ നഷ്ടം വരുത്തിയതിനുത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചും അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

ആയതിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

2. “ബന്ധപ്പെട്ട ഫയൽ ആ കാലയളവിൽ കൈകാര്യം ചെയ്തിരുന്നത് ശ്രീമതി എലിസബത്ത് ടെൽമ (സെക്ഷൻ ക്ലാർക്ക്-യു.ഡി.സി., പുനർവിന്യാസം മൃഗസംരക്ഷണ വകുപ്പ്) ശ്രീ. എ. എൻ. ജയകൃഷ്ണൻ (ജൂനിയർ സൂപ്രണ്ട്), ശ്രീ. ബാലകൃഷ്ണൻ നായർ (സെക്രട്ടറി, സബ്സിഡി നൽകുന്നതിന് ഉത്തരവാദി), ശ്രീ. സോമസുന്ദരൻ (സെക്രട്ടറി, സബ്സിഡി ചെക്ക് അംഗീകരിച്ച് ബാങ്കിന് നൽകി) എന്നിവരാണെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(1) മൃഗസംരക്ഷണ വകുപ്പിൽ നിന്നും പുനർവിന്യാസംവഴി യു.ഡി.ക്ലാർക്കായി വയനാട് ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി എലിസബത്ത് ടെൽമക്കെതിരെ നടപടി സ്വീകരിച്ച് അടിയന്തരമായി അറിയിക്കുവാൻ മൃഗസംരക്ഷണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) ശ്രീ. എ. എൻ. ജയകൃഷ്ണൻ, ജൂനിയർ സൂപ്രണ്ടിനെതിരെ നടപടി സ്വീകരിച്ച് അടിയന്തരമായി നടപടി റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) പൊതുഭരണ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികയിൽ വിരമിച്ച ശ്രീ. കെ. ബാലകൃഷ്ണൻ നായർക്കെതിരെ നടപടി സ്വീകരിച്ച് അടിയന്തരമായി അറിയിക്കുവാൻ പൊതുഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽനിന്ന് വിരമിച്ച ശ്രീ. പി. സോമസുന്ദരനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 59 (ബി) പ്രകാരം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിനായി, ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോയെന്ന വിവരം അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

"ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പാലിച്ച് അച്ചടക്ക നടപടി തീർപ്പാക്കുവാൻ അനിവാര്യമായ സമയം വേണ്ടിവരുമെന്നും അറിയിക്കുന്നു".

**നിഗമനങ്ങൾ/ശിപാർശകൾ**

3. **ചെന്നലോട് വിമലാ മഹിളാ സമാജത്തിന് സബ്സിഡിയായി അനുവദിച്ച തുക സ്ഥിരനിക്ഷേപമായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന പലിശ നഷ്ടപ്പെടുത്തിയതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കാലവിളംബം ഉണ്ടാകുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ കാവുംമന്ദം ശാഖയിൽ നിഷ്ക്രിയ നിക്ഷേപമായി തുടരുന്ന 1,33,500 രൂപ അടിയന്തരമായി ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.**

4. **വനിതകളുടെ സ്വയംതൊഴിൽ മേഖല വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പേപ്പർ ബാഗുകൾ, തുണി ബാഗുകൾ, റെക്സിൻ ബാഗുകൾ എന്നിവ നിർമ്മിക്കുന്നതിന് ആരംഭിച്ച യൂണിറ്റിൽ ഇപ്പോൾ യൂണിഫോമുകൾ, പാവാട, നൈറ്റി തുടങ്ങിയവയുടെ തയ്യലാണ് നടക്കുന്നത് എന്നതിനാൽ ടി പദ്ധതിയിൽ ബാഗ് നിർമ്മാണ പരിശീലന പരിപാടിക്കായി 'സ്റ്റെഡ് '-ന് നൽകിയ 66,500 രൂപ പാഴ്ചെലവായി സമിതി മനസ്സിലാക്കുന്നു. പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ കഴിയാഞ്ഞത് ആസൂത്രണത്തിൽവന്ന പിഴവുമൂലമാണ് എന്ന് സമിതി വിലയിരുത്തുന്നു. പൊതുപ്പണം കൈകാര്യം ചെയ്യുന്നതിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും കൂടുതൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോളനി വൈദ്യുതീകരണം**
**(2007-08 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.14)**

കേരള പഞ്ചായത്ത് രാജ് നിയമം 5-ാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിന് വൈദ്യുതീകരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് അധികാരമില്ല. എന്നാൽ തുടർച്ചയായി അക്കൗണ്ടന്റ് ജനറലും ലോക്കൽ ഫണ്ട് ഓഡിറ്റും മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും 2007-08 വർഷത്തിൽ നിയമ വിരുദ്ധമായി താഴെപ്പറയുന്ന കോളനികൾ വൈദ്യുതീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി തുക കെ.എസ്.ഇ.ബി.യിൽ അടച്ചതായി കാണുന്നു:

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 213/08 | തോട്ടാംകൊല്ലി കോളനി | 38,250 |
| 2 | 223/08 | തോണിക്കടവ് കോളനി | 65,025 |
| 3 | 216/08 | കുവണ കോണിക്കാംപടി | 1,97,700 |
| 4 | 224/08 | എട്ടൂർ കോളനി | 15,12,100 |
| | | ആകെ | 18,13,075 |

(ചെക്ക് നമ്പർ 13587 തീയതി 5-2-2008)

ഇത് സംബന്ധിച്ച 8-1-2009-ൽ നൽകിയ ഓഡിറ്റ് നോട്ടിന് യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമായ ഈ പദ്ധതികൾക്ക് വകയിരുത്തിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. അലി അസ്കർപാഷ, ഐ.എ.എസ്.,
ജനറൽ മാനേജർ,
കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ,
ഹെഡ് ഓഫീസ്, കൊച്ചി-20.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 3.2.5(i).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത വിഷയത്തിൽ കോളനി

വൈദ്യുതീകരണത്തിന് തുക ചെലവാക്കിയത് സംബന്ധിച്ച് വിശദീകരണമാരാഞ്ഞതിന് കോളനി വൈദ്യുതീകരണം കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികയനുസരിച്ച് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ലാത്തതിനാലാണ് ആയിനത്തിൽ ജില്ലാ പഞ്ചായത്ത് 18,13,075 രൂപ ചെലവാക്കിയതിന് ഓഡിറ്റ് പരാമർശമുണ്ടായതെന്നും ഇതിലേക്ക് 15-5-2009 തീയതിയിലെ 4479/ഡിബി1/99/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം പിന്നീട് സാധൂകരണം ലഭിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. കോളനി വൈദ്യുതീകരണം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ലെങ്കിലും ടി പദ്ധതി ശരിയായൊരു ലക്ഷ്യത്തിനാണെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യമായി. പ്രസ്തുത ചെലവിന് സർക്കാരിന്റെ സാധൂകരണം ലഭിച്ച ഉത്തരവിന്റെ പകർപ്പ് സമിതി മുമ്പാകെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാൻ പാടില്ല എന്ന അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം നീക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

6. **കോളനി വൈദ്യുതീകരണം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ലെങ്കിലും, ടി പദ്ധതി സദുദ്ദേശപരമായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ട് സർക്കാർ സാധൂകരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ, മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച**
**(2004-05 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2, 3.4, 3.5, 3.8)**

ലക്ഷങ്ങൾ ചെലവഴിക്കപ്പെടുന്ന പദ്ധതികളിൽ അവയുടെ ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുന്ന പ്രവണത തുടർന്നുവരുന്നു. രേഖകളുടെ അഭാവം പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നു വിലയിരുത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരിക്കൽ, ബാക്കി തുക തിരികെ അടയ്ക്കാതിരിക്കുക എന്നീ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയവയിൽ മിക്ക പ്രധാന രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിവിധ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നില്ല. സർക്കാർ ഒരു സാമ്പത്തികവർഷം വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയിൽ എത്രമാത്രം പദ്ധതികൾ ലക്ഷ്യപ്രാപ്തി

കൈവരിക്കുന്നു എന്നത് വിലയിരുത്താൻ ചെലവ് രേഖകളിലൂടെ മാത്രമേ കഴിയൂ. ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും കൈപ്പറ്റ് രസീതുകളുടെ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വൻതുക ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. രേഖകൾ ഹാജരാക്കാത്തതുമൂലം പദ്ധതി വിലയിരുത്തുന്നതിന് സാധിക്കാത്ത ചില പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ലാ പഞ്ചായത്തിന്റെ പേര് | ഓ.റി. വർഷം/ ഖണ്ഡിക നമ്പർ | പദ്ധതി | തുക (രൂപ) |
|---|---|---|---|---|
| 21 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2004-05/3.2 | സ്കൂളിന് കമ്പ്യൂട്ടർ നൽകിയത് | 50,000 |
| 22 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2004-05/3.4 | വിവിധ പദ്ധതികൾക്കായി ചെലവഴിച്ചത് | 5,09,092 |
| 23 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2004-05/3.5 | വിവിധ പദ്ധതികൾക്കായി ചെലവഴിച്ചത് | 43,03,218 |
| 24 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2004-05/3.8 | വിവിധ മരാമത്ത് പ്രവൃത്തികൾ | 6,36,227 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 2.10 ക്രമ നമ്പർ 21, 22, 23, 24.)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. വിവിധ പദ്ധതികൾക്കായി 54,98,537 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയതായി മാനന്തവാടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതി മുമ്പാകെ വ്യക്തമാക്കി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിലെ കാര്യങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

8. **സ്കൂളിന് കമ്പ്യൂട്ടർ വാങ്ങി നൽകിയതുൾപ്പെടെ വിവിധ പദ്ധതികൾക്കായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 54,98,537 രൂപയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പൂതാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തുരുത്തിലോട്ട്കുന്ന് ജലസേചന പദ്ധതി**
**(2005-06 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.1)**

തുരുത്തിലോട്ട്കുന്ന് ജലസേചന പദ്ധതിക്കായി 1998-99 പദ്ധതി വിഹിതം ഇനത്തിൽ 85,000 രൂപയും ഗുണഭോക്തൃ വിഹിതമായി 8,500 രൂപയും ആയി വകയിരുത്തി നടപ്പിലാക്കാൻ തീരുമാനിച്ചു. പ്രോജക്ടിൽ വിഭാവനം ചെയ്തത് 12 അടി വിസ്താരമുള്ള കിണർ, പമ്പ് ഹൗസ് നിർമ്മിക്കുക, 10 എച്ച്.പി. ഡീസൽ മോട്ടോർ സ്ഥാപിക്കുക ഇവയായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കിണർ കുഴിക്കലും പമ്പ് ഹൗസ് നിർമ്മിക്കലും ആണ്. ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയതിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടെന്നും ജലസേചന സൗകര്യം ലഭ്യമായാൽ നെല്ലുല്പാദനം വർദ്ധിക്കുകയോ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന സാങ്കേതികവും മറ്റുമായ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുകയോ ചെയ്തതായി കാണുന്നില്ല. 1998-99 കാലയളവിൽ 80,268 രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പദ്ധതിയുടെ പ്രവർത്തനം പൂർണ്ണരൂപത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുമില്ല. കൂടാതെ നിർമ്മിച്ച കിണറും പമ്പ് ഹൗസും കാടുപിടിച്ച് നശിച്ച അവസ്ഥയിലുമാണ്. പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കാത്തതിനാൽ/ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാത്തതിനാൽ ചെലവഴിച്ച 80,268 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ 1998-99 കാലയളവിലെ സെക്രട്ടറി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക 3.6.3.)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

9. തുരുത്തിലോട്ട്കുന്ന് ജലസേചന പദ്ധതിക്കായി കിണറും പമ്പ് ഹൗസും മറ്റും നിർമ്മിക്കുന്നതിലേക്കായി 80,268 രൂപ ചെലവഴിച്ചിട്ട് പദ്ധതി പ്രായോഗികമാക്കാൻ സാധിക്കാത്തതിനെപ്പറ്റി സമിതി ആരാഞ്ഞു. ജലസേചന പദ്ധതി കൃഷിക്ക് പ്രായോഗികമല്ലെന്ന് കണ്ടതിനാൽ പദ്ധതി പ്രദേശത്തെ 75-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയാക്കി മാറ്റാൻ തീരുമാനിച്ചുവെന്നും പണം പാഴായിട്ടില്ലെന്നും ആയതിന് ഡി.പി.സി.യുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും ഉത്തരവ് കൊണ്ടുവന്നിട്ടുണ്ടെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. പദ്ധതിയിൽ വിഭാവനംചെയ്ത ലക്ഷ്യം കൈവരിക്കാനായില്ലെങ്കിലും, പദ്ധതിയെ 75 കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകുംവിധം കുടിവെള്ള പദ്ധതിയാക്കി മാറ്റിയതുവഴി പദ്ധതിപ്പണം ഉപയുക്തമാക്കുകയും ആയതിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിച്ചതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

10. **ജലസേചന പദ്ധതിക്കായി കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് 80,268 രൂപ ചെലവഴിച്ചുവെങ്കിലും ആയത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പദ്ധതിയെ ഏകദേശം 75 കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകുംവിധം കുടിവെള്ള പദ്ധതിയാക്കി മാറ്റിയതുവഴി പദ്ധതിപ്പണം ഉപയോഗയുക്തമാക്കുകയും ആയതിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

പനമരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജൈവവള നിർമ്മാണ പ്ലാന്റ് സ്ഥാപനം പണി പൂർത്തീകരിച്ചില്ല**
**(2005-06 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.1)**

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഒരു സ്ഥലത്ത് സംഭരിച്ച് ശാസ്ത്രീയമായി സംസ്കരിച്ച്, ജൈവവളം ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. 2008-09 സാമ്പത്തിക വർഷം വരെ ആകെ 5,13,622 രൂപ ഈ പ്രോജക്ടിനായി ചെലവഴിച്ചുവെങ്കിലും പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് ജൈവവള നിർമ്മാണം ഇതുവരെ സാധിച്ചിട്ടില്ല. ഓഡിറ്റ് സംഘം ഈ സ്ഥലം നേരിൽ പരിശോധിച്ചു. പഞ്ചായത്ത് അധീനതയിലുള്ള സ്ഥലം മതിലോ കമ്പിവേലിയോ കെട്ടി സംരക്ഷിച്ചിട്ടില്ല. പ്ലാന്റ് നിർമ്മാണം കേവലം ഷെഡ്ഡ് നിർമ്മാണത്തിൽ അവശേഷിക്കുകയും പരിസരമാകെ നിക്ഷേപിക്കപ്പെട്ട മാലിന്യം കുന്നുകൂടി കിടക്കുകയുമാണ്. ശരിയായ ആസൂത്രണമില്ലാതെ നടപ്പാക്കിയ ഈ പ്രോജക്ടിനായി ചെലവഴിച്ച പണം

പാഴ്ചെലവായി മാറി. പദ്ധതിയിൽ വിഭാവനംചെയ്ത ലക്ഷ്യം കൈവരിക്കുന്നതിനായി സത്വരവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക 3.6.4.)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

11. 2005-06 വർഷത്തെ പ്രോജക്ടായ ജൈവവള നിർമ്മാണ പ്ലാന്റ് 5,13,622 രൂപ ചെലവഴിച്ചിട്ടും പ്രവർത്തനം തുടങ്ങാൻ കഴിയാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. ഷെഡ്ഡ് നിർമ്മാണം 2007-08-ൽ പൂർത്തിയാക്കുകയും 2008-09-ൽ സ്ഥലത്തിന്റെ മുൻഭാഗത്ത് ചുറ്റുമതിൽ കെട്ടി ഗേറ്റിടുകയും ചെയ്തെന്നും പദ്ധതിയിൽ വിഭാവനംചെയ്ത ജൈവവള നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിലേക്ക് തുക വകയിരുത്തി പദ്ധതി പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. പദ്ധതി അടിയന്തരമായി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 1-1-2014-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ അധികവിവരം ഇപ്രകാരമാണ് :

12. "പനമരം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള 11-ാം വാർഡിൽ ഉൾപ്പെട്ട കീഞ്ഞുകടവ് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 2 ഏക്കർ സ്ഥലത്താണ് ജൈവവള പ്ലാന്റ് നിർമ്മാണം നടന്നുവരുന്നത്. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നത് ഈ സ്ഥലത്താണ്. ഇവിടെ ജെ.സി.ബി. ഉപയോഗിച്ച് വലിയ കുഴികൾ എടുക്കുകയും ഗ്രാമപഞ്ചായത്തിന്റെ ട്രാക്ടർ ഉപയോഗിച്ച് മാലിന്യങ്ങൾ കൊണ്ടുവന്ന് പരിസരവാസികൾക്ക് ഉപദ്രവകരമല്ലാത്ത രീതിയിൽ സംസ്കരിക്കുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം ടൗൺ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ, ജൈവമാലിന്യങ്ങൾ എന്നിവ വേർതിരിക്കുകയും ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ജൈവവളം നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി 2005-06-ൽ 1,33,354 രൂപ ചെലവഴിച്ച് ഷെഡ്ഡിന്റെയും ടാങ്കിന്റെയും നിർമ്മാണം നടത്തിയിട്ടുണ്ട്. 2007-08-ൽ 94,165 രൂപ ചെലവഴിച്ച് ഷെഡ്ഡിന്റെ ബാക്കിഭാഗം പൂർത്തീകരിച്ചു. 2008-09-ൽ സ്ഥലത്തിന്റെ ചുറ്റുമതിലിന്റെ മുൻഭാഗം, ഗേറ്റ് എന്നീ പ്രവൃത്തികൾക്ക് 2,86,103 രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതിയിൽ വിഭാവനംചെയ്ത ജൈവവള നിർമ്മാണം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തി ഖരമാലിന്യ സംസ്കരണം, ജൈവവള നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിന്

തീരുമാനിച്ചിരുന്നു. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം വന്നതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2013-14 വർഷത്തിൽ സ്പിൽഓവർ ആയി തുടരുന്നതിന് 28-6-2013-ന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമ്പൂർണ്ണ ശുചിത്വ മിഷന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു".

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു:

13. "പനമരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കീഞ്ഞുകടവ് എന്ന സ്ഥലത്ത് റീ സർവ്വേ 308/16 നമ്പറിൽപ്പെട്ട 2 ഏക്കർ ഭൂമിയിലാണ് ജൈവവള പ്ലാന്റ് നിർമ്മാണം നടന്നത്. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക്, ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ജൈവവളം നിർമ്മിക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ജൈവവള നിർമ്മാണ പ്ലാന്റിന്റെ പ്രവൃത്തികൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ഷെഡ്ഡിന്റെയും ടാങ്കിന്റെയും നിർമ്മാണം (2005-06 വർഷം) | 1,33,354 |
| 2. ഷെഡ്ഡിന്റെ ബാക്കിഭാഗം (2007-08) നിർമ്മാണം | 94,165 |
| 3. സ്ഥലം ചുറ്റുമതിലിന്റെ മുൻഭാഗം, ഗേറ്റ് (2008-09 വർഷം) | 2,86,103 |
| ആകെ | 5,13,622 |

14. പദ്ധതിയിൽ വിഭാവനംചെയ്ത ജൈവവള നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 2012-13 വർഷത്തെ പദ്ധതിയിൽപ്പെടുത്തി എസ്-0361/13 പ്രോജക്ട് തയ്യാറാക്കി (അടങ്കൽ 15,00,000 രൂപ തനത് 5,00,000 കേന്ദ്രാവിഷ്കൃതം 10,00,000)-യെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ല.

15. 2013-14 വർഷം എസ്. 0222/14 നമ്പരിൽ ഖരമാലിന്യ സംസ്കരണം, ജൈവവള നിർമ്മാണം എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തനത് ഫണ്ട് 5 ലക്ഷം രൂപ കേന്ദ്രാവിഷ്കൃതം 10 ലക്ഷം രൂപ എന്നിങ്ങനെ 15,00,000 ലക്ഷം രൂപയാണ് ആകെ അടങ്കൽ 86/2013/22-5-2013 പ്രകാരം ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. പതിനഞ്ച് ലക്ഷം രൂപയ്ക്ക് ഏതൊക്കെ പ്രവൃത്തി നടപ്പിലാക്കാമെന്നോ എങ്ങനെ നടപ്പിലാക്കാമെന്നോ തുടങ്ങിയ കാര്യങ്ങൾ ഇതുവരെ തീരുമാനമായിട്ടില്ല. ജൈവവള പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ വ്യക്തമായ നടപടികൾ ഇതുവരെ എടുത്തിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു".

**നിഗമനങ്ങൾ/ശിപാർശകൾ**

16. **ഖരമാലിന്യ സംസ്കരണത്തിനായി 2005-06 വർഷം ആരംഭിച്ച പദ്ധതി 2012-13 വർഷവും പൂർത്തീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മാലിന്യങ്ങൾമൂലമുള്ള പ്രശ്നങ്ങൾ സംസ്ഥാനത്താകമാനം ഗുരുതരമായിരിക്കുമ്പോഴും പഞ്ചായത്തുകൾ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പുലർത്തുന്ന ഉദാസീനത അപലപനീയമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിക്ക് സമ്പൂർണ്ണ ശുചിത്വ മിഷന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പദ്ധതി അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി**
**(2005-06 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.5)**

ഈ പ്രോഗ്രാമിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആറ് പ്രവൃത്തികൾ ഇതുവരെയായും പൂർത്തീകരിച്ചിട്ടില്ല. മുൻകൂർ നൽകിയത് പാഴ്ചെലവായി. വിശദവിവരം താഴെ കൊടുക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | മുൻകൂർ നല്കിയ തുക |
|---|---|---|---|
| 1 | തോരാമംഗലം ജലസേചനകുളം | 2,50,000 | 62,500 |
| 2 | വാളംവയൽ കുളം നിർമ്മാണം | 10,00,000 | 1,00,000 |
| 3 | തോട്ടാമൂല വയൽ ജലസേചനകുളം | 10,00,000 | 1,00,000 |
| 4 | കല്ലൂട്ട്മൂല ജലസേചനകുളം | 10,00,000 | 34,100 |
| 5 | പിലാക്കാവ് ജലസേചനകുളം | 4,00,000 | 37,800 |
| 6 | മാനിക്കുനി ചെക്ക് ഡാം | 14,24,000 | 1,00,000 |
| | | ആകെ | 4,34,400 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക 3.9.2.)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടിയുമായി ബന്ധപ്പെട്ട് 6 പ്രവൃത്തികൾക്കായി 4,34,400 രൂപ ചെലവഴിച്ചെങ്കിലും കളക്ടറുടെ ഉത്തരവ് പ്രകാരം പ്രവൃത്തി നിർത്തിവച്ചതിന്റെ ഫലമായി ചെലവായ തുക പാഴായി എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. ജില്ലാ കളക്ടറുടെ 7-5-2005-ലെ ബി1-4257/04 നമ്പർ ഉത്തരവ് അനുസരിച്ചാണ് പ്രവൃത്തികൾ നിർത്തിവച്ചതെന്നും കൺവീനർമാർ കൈപ്പറ്റിയ മുൻകൂർ തിരികെപിടിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൺവീനർമാരിൽ നിന്നും ലഭിക്കുവാനുള്ള തുക ആർ.ആർ. മുഖേന ഈടാക്കുവാൻ സാധിക്കുകയില്ല എന്ന് മുൻയോഗങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അങ്ങനെയാണെങ്കിൽ പരാമർശവിധേയമായ ഇക്കാര്യത്തിൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ചുവടെ പറയും പ്രകാരം വിശദീകരണം നൽകി. 2004-ലാണ് ഭാരത സർക്കാർ 'നാഷണൽ ഫുഡ് ഫോർ വർക്ക് ' എന്ന പദ്ധതി നടപ്പിലാക്കിയത്. ഇന്ത്യയിൽ ആകെ 150 ജില്ലകളിൽ ആരംഭിച്ച പ്രസ്തുത പദ്ധതി കേരളത്തിൽ പാലക്കാട്, വയനാട് ജില്ലകളിലാണ് നടപ്പിലാക്കിയത്. 2006-ൽ ഈ പദ്ധതി നിർത്തലാക്കുകയും പകരം 'റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം' നടപ്പിലാക്കുകയും ചെയ്തതിന്റെ മുന്നോടിയായാണ് കളക്ടർ മേല്പറഞ്ഞ ഉത്തരവിറക്കിയത്. പഞ്ചായത്തുകൾ കൺവീനറുടെ പേരിൽ റിക്കവറി നടപടികളുമായി മുന്നോട്ടുപോയപ്പോൾ റവന്യൂ റിക്കവറി ആക്ടിൽ ആയതിന് വ്യവസ്ഥയില്ലാത്തതിനാൽ റവന്യൂ റിക്കവറി സാധിക്കുകയില്ല എന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി. ലാന്റ് റവന്യൂ കമ്മീഷണറുടെ ടി അറിയിപ്പ് സമിതി മുമ്പാകെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആർ.ആർ. ആക്ട് ഭേദഗതി ചെയ്യണമെന്ന സമിതിയുടെ അഭിപ്രായത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. എന്നാൽ ഭേദഗതി ഇല്ലാതെതന്നെ ചില കളക്ടർമാർ ആർ.ആർ. നടപടികളുമായി മുന്നോട്ടുപോയിട്ടുണ്ട്. കൺവീനർമാരിൽ നിന്നും റവന്യൂ റിക്കവറി നടപടിവഴി തുക ഈടാക്കുന്നതിന് ഹൈക്കോടതി അംഗീകരിച്ചിട്ടുള്ള ഉദാഹരണം ചൂണ്ടിക്കാട്ടിയ സമിതി ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാത്ത മൂന്ന് പദ്ധതികളിന്മേൽ നൽകിയ മുൻകൂർ തുക ആർ.ആർ. നടപടിയിലൂടെ കൺവീനർമാരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിച്ചു.

18. ആയതിന്, തോരാമംഗലം ജലസേചനകുളം പ്രവൃത്തിയുടെ കൺവീനർ ശ്രീ. കെ. എം. മത്തായി, കക്കാട്ടിൽ വീട്, കിടങ്ങനാട് പി.ഒ. എന്നയാളിൽ നിന്നും അഡ്വാൻസ് നൽകിയ 22,000 രൂപയും പലിശയും ചേർത്ത് 52,140 രൂപ കിടങ്ങനാട് വില്ലേജ് ഓഫീസ് മുഖേന 16-2-2013-ന് 1203101538 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഓഫീസിൽ ഒടുക്കിയിട്ടുണ്ട് എന്നും വാളംവയൽ കുളം നിർമ്മാണം പ്രവൃത്തിയുടെ കൺവീനർ ശ്രീ. പി. ജി. ബിനീഷ്, പുത്തൻപുരയിൽ (ഹൗസ്), തോട്ടാമൂല, നെന്മേനിക്കുന്ന് പി.ഒ.-ൽ നിന്നും

അഡ്വാൻസ് നൽകിയ 1,00,000 രൂപ ഈടാക്കുന്നതിന് നൂൽപ്പുഴ വില്ലേജ് ഓഫീസർ മുഖേന നടപടികൾ സ്വീകരിച്ചുവെങ്കിലും ടിയാളുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ തുക വസൂൽ ചെയ്യാൻ നിർവ്വാഹമില്ലായെന്ന് കാണിച്ച് 6-2-2013-ന് വില്ലേജ് ഓഫീസർ ജില്ലാ കളക്ടർക്ക് ഫയൽ മടക്കി സമർപ്പിച്ചിട്ടുണ്ട് എന്ന് നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-5-2013-ലെ എ 4-2690 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും തോട്ടാമൂല വയൽ ജലസേചന കുളം കൺവീനർ ശ്രീ. കെ. റ്റി. സന്തോഷ്, കീച്ചേരിയിൽ വീട്, തോട്ടാമൂല, നെന്മേനിക്കുന്ന് പി.ഒ.-ൽ നിന്ന് അഡ്വാൻസ് നൽകിയ 1,00,000 രൂപയും പലിശയും സഹിതം 2,38,000 രൂപ നൂൽപ്പുഴ വില്ലേജ് ഓഫീസർ 30-1-2013 തീയതിയിൽ 11203101247 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഓഫീസിൽ അടച്ചിട്ടുണ്ട് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് 1-1-2014-ലെ കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ് :

19. "തോരാമംഗലം ജലസേചനകുളം കൺവീനർ ശ്രീ. കെ. എം. മത്തായിക്ക് നൽകിയ അഡ്വാൻസ് തുക 22,000 രൂപയും പലിശയും ചേർത്ത് ആകെ 52,140 രൂപ കിടങ്ങനാട് വില്ലേജ് ഓഫീസർ മുഖേന 16-2-2013-ന് 120310538 നമ്പർ രസീത് പ്രകാരം വരവ് വന്ന തുക 18-2-2013-ന് സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിന്റെ കല്ലൂർ ശാഖയിൽ അക്കൗണ്ട് നമ്പർ 66 പ്രകാരം അടവാക്കിയിട്ടുണ്ട്.

20. വാളംവയൽ കുളം നിർമ്മാണം പ്രവൃത്തിയുടെ കൺവീനർ ശ്രീ. പി. ജി. ബിനീഷ്, പുത്തൻപുരയിൽ (ഹൗസ്) തോട്ടാമൂല, നെന്മേനിക്കുന്ന് (പി.ഒ.) നിന്ന് അഡ്വാൻസ് നൽകിയ 1,00,000 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെങ്കിലും ടിയാളുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ തുക വസൂൽ ചെയ്യാൻ സാധിക്കാത്തതിനാൽ വില്ലേജ് ഓഫീസർ ഫയൽ കളക്ടർക്ക് മടക്കിയിട്ടുണ്ട്. ശ്രീ. പി. ജി. ബിനീഷിന് മാനന്തവാടി, വൈത്തിരി എന്നീ താലൂക്കുകളിൽ സ്ഥാവരജംഗമ വസ്തുക്കൾ ഉണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു.

21. തോട്ടാമൂല വയൽ ജലസേചനകുളം കൺവീനർ ശ്രീ. കെ. റ്റി. സന്തോഷ്, കീച്ചേരിയിൽ വീട്, തോട്ടാമൂല, നെന്മേനിക്കുന്ന് പി.ഒ.-ൽ നിന്ന് അഡ്വാൻസ് നൽകിയ ഒരു ലക്ഷം രൂപ പലിശസഹിതം 2,38,000 രൂപയും നൂൽപ്പുഴ വില്ലേജ് ഓഫീസർ 30-1-2013-ൽ രസീത് നമ്പർ 11203101247 പ്രകാരം പഞ്ചായത്തിൽ അടച്ച തുക 31-1-2013-ൽ സുൽത്താൻ ബത്തേരി സഹകരണ ബാങ്കിന്റെ കല്ലൂർ ശാഖയിലെ അക്കൗണ്ട് നമ്പർ 66-ൽ അടവാക്കി എന്ന വിവരം അറിയിക്കുന്നു".

**നിഗമനങ്ങൾ/ശിപാർശകൾ**

22. **തോരാമംഗലം ജലസേചനകുളം പ്രവൃത്തിക്ക് 22,000 രൂപ മാത്രമാണ് അഡ്വാൻസ് നൽകിയിട്ടുള്ളതെന്നും ബാക്കി തുക കൺവീനറുടെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപമുള്ളതായും സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നു. കൺവീനർക്ക് മുൻകൂർ നൽകിയ 22,000 രൂപ പലിശസഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ കൺവീനറുടെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ ഉള്ള തുക പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ വരവുവെക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

23. **വാളംവയൽ കുളം നിർമ്മാണം പ്രവൃത്തിയുടെ കൺവീനർക്ക് സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാൽ തുക വസൂൽ ചെയ്യാൻ സാധ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഒഴിവാക്കാനാവില്ലെന്നും കൺവീനർ മുൻകൂർ കൈപ്പറ്റിയ 1,00,000 രൂപ ടിയാനിൽ നിന്നോ ടിയാന്റെ അനന്തരാവകാശികളിൽ നിന്നോ ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

24. **തോട്ടാമൂല വയൽ ജലസേചനകുളം പ്രവൃത്തിയുടെ കൺവീനർ മുൻകൂർ ആയി കൈപ്പറ്റിയ 1,00,000 രൂപയും പലിശയും സഹിതം 2,38,000 രൂപ തിരിച്ചടച്ചതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

തരിയോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ മുഖേന വീട് നിർമ്മാണം—വീടുകൾ പൂർത്തീകരിച്ചിട്ടില്ല**
**(2005-06 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.4)**

2005-06-ൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെട്ട 4 വീടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട 4 വീടുകളുടെയും നിർമ്മാണം സുൽത്താൻ ബത്തേരിയിലെ സ്വാമി വിവേകാനന്ദ എജ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി ശ്രീ. സി. എ. സജീവൻ മുഖേന നടത്തിയിട്ടുണ്ട്. കുടുംബശ്രീയെ ചുമതലപ്പെടുത്തിയ പ്രവൃത്തി ഇയാളെ ഏൽപ്പിക്കുകയായിരുന്നു. ഇദ്ദേഹവുമായി സാധുവായ കരാർ പഞ്ചായത്ത് സെക്രട്ടറിയോ/കുടുംബശ്രീ ചാർജ് ഓഫീസറോ ചമച്ചിട്ടില്ല. കരാറുകാരന് 6,20,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

ചെയ്ത പ്രവൃത്തിയുടെ മൂല്യം 2,34,500 രൂപ മാത്രമേയുള്ളൂ. പണി പൂർത്തീകരിക്കാത്തതിനാൽ മൂല്യനിർണ്ണയ തുകയെക്കാൾ അധികം നൽകിയ 3,85,500 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും 2,34,500 രൂപ തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു. വീട് പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. സി. ടി. രഘുനാഥൻ,
സെക്രട്ടറി,
അംബികാ എസ്റ്റേറ്റ്, കൊയിലാമൂല,
പൊഴുതന പി.ഒ., വയനാട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക 3.9.3.)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. കുടുംബശ്രീ മുഖേന നിർവ്വഹിക്കേണ്ടിയിരുന്ന വീടുകളുടെ നിർമ്മാണം യാതൊരു കരാറുമില്ലാതെ മറ്റൊരു ട്രസ്റ്റിയെ ഏല്പിക്കുകയും വീടുകളുടെ പണി പൂർത്തീകരിക്കാത്തതിനാൽ തുക പാഴായിപ്പോയതായുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ വയനാട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ഹാജരാക്കിയിരിക്കുകയാണെന്നും കേസ് കോഴിക്കോട് വിജിലൻസ് കോടതിയുടെ പരിഗണനയിലായതിനാൽ പദ്ധതിയിന്മേൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലെന്നും കുടുംബശ്രീയെ ഏൽപ്പിച്ച വീടുകളിൽ ഒന്നൊഴികെ ബാക്കിയുള്ളവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിശദമാക്കി. വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് സെക്രട്ടറി വിശദമാക്കിയ കാര്യങ്ങൾ വസ്തുതകളിൽ നിന്നുമുള്ള ഒഴിഞ്ഞുമാറലോ വസ്തുതകൾ മനസ്സിലാക്കാതെയുള്ളതോ ആണെന്ന് നിരീക്ഷിച്ച സമിതി ഒരു വീടൊഴികെ ബാക്കിയുള്ളവയുടെ പണി പൂർത്തീകരിച്ചിട്ടില്ലെന്നതാണ് വസ്തുതയെന്ന് അഭിപ്രായപ്പെട്ടു. വ്യവസ്ഥാപിതമായ രീതിയിലുള്ള കരാറില്ലാതെയാണ് വർഷങ്ങളായി കുടുംബശ്രീ മുഖേന കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചിരുന്നതെന്നും സർക്കാർ ഇത് കണ്ടില്ലെന്ന് നടിക്കുകയാണെന്നും പ്രവൃത്തികൾ യാതൊരു എഗ്രിമെന്റുമില്ലാതെ കൊടുക്കുകവഴി കരാറുകാരന് രക്ഷപ്പെടാൻ പഴുതുണ്ടാക്കുകയായിരുന്നെന്നും സമിതി അഭിപ്രായപ്പെട്ടു. കഴിഞ്ഞ സമിതിയോഗത്തിന്റെ തീരുമാനപ്രകാരം കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്ത പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് ഉടൻ

തന്നെ പഞ്ചായത്തുകൾക്ക് നൽകുന്നതാണെന്നും തദവസരത്തിൽ എസ്.പി.എ.ഒ. വ്യക്തമാക്കി. പൂർത്തിയാക്കാൻ ശേഷിക്കുന്ന വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിന് ഇനിയും തുക അനുവദിച്ചെങ്കിൽ മാത്രമേ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിന് കാരണമെന്തെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് വ്യക്തമായ കരാറോ വ്യവസ്ഥയോ ഇല്ലാതെ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയും കുടുംബശ്രീയുടെ ചാർജുള്ള ഓഫീസറും കരാറിൽ ഏർപ്പെട്ടതാണ് കാരണമെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് താഴെപ്പറയുന്ന വിവരങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സമിതി ആവശ്യപ്പെട്ടു :

(1) കുടുംബശ്രീയെ ഏൽപ്പിച്ച പണി യാതൊരു എഗ്രിമെന്റുമില്ലാതെ സബ്കോൺട്രാക്ട് കൊടുത്തത് എങ്ങനെയാണ് ;

(2) എന്തുകൊണ്ടാണ് ട്രസ്റ്റിയുമായി എഗ്രിമെന്റ് വയ്ക്കാതിരുന്നത് ;

(3) എഗ്രിമെന്റ് വയ്ക്കാത്തതിന് ഉത്തരവാദി ആരാണ് ;

(4) ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

കൂടാതെ പരാമർശവിധേയമായ എല്ലാ വീടുകളും അടിയന്തരമായി പൂർത്തീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ടും നൽകുക.

**നിഗമനങ്ങൾ/ശിപാർശകൾ**

26. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി വിശദമാക്കിയ കാര്യങ്ങൾ വസ്തുതകൾക്ക് വിരുദ്ധമാണെന്ന് സമിതി നിരീക്ഷിക്കുന്നു. തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കുടുംബശ്രീയെ ഏല്പിച്ച പണി യാതൊരു കരാറുമില്ലാതെ സബ്കോൺട്രാക്ട് കൊടുക്കാനിടയായത് എങ്ങനെയെന്നും ട്രസ്റ്റിയുമായി കരാർ വെയ്ക്കാതിരുന്നതിനുള്ള കാരണവും അതിനുത്തരവാദി ആരെന്നതും സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും പരാമർശവിധേയമായ എല്ലാ വീടുകളുടെയും പണി അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

വൈത്തിരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി—മുൻകൂർ നൽകി പ്രവൃത്തി നടപ്പാക്കിയിട്ടില്ല**

**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06 ; ഖണ്ഡിക 3.2)**

ജോലിക്ക് കൂലി ഭക്ഷണം പരിപാടി അനുസരിച്ച് വട്ടക്കുന്ന് ആദിവാസി കോളനി ചെക്ക് ഡാം, കരിമ്പിൻകണ്ടി ജലസേചനം എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു. ബഹു. ജില്ലാ കളക്ടറുടെ 5-5-2005-ലെ ബി1-4257/04-ാം നമ്പർ ഉത്തരവ് പ്രകാരം പ്രവൃത്തികൾ നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടു. ടി പ്രവൃത്തികൾക്കായി മുൻകൂർ ഇനത്തിൽ 85,000 രൂപ നൽകി. സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ 55,000 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ പ്രവൃത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. മുൻകൂർ ഇനത്തിൽ നൽകിയ തുക നിരാകരിക്കുകയും സംയുക്ത അക്കൗണ്ടിൽ ഉള്ള തുക തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ. സി. പി. ദേവസ്യ,

ജൂനിയർ സൂപ്രണ്ട് (സെക്രട്ടറി-ഇൻ-ചാർജ്).

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക 3.9.4)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. വട്ടക്കുന്ന് ആദിവാസി കോളനി ചെക്ക് ഡാം നിർമ്മാണത്തിനായി 35,000 രൂപയും കരിമ്പിൻകണ്ടി ജലസേചന പ്രവൃത്തിക്കായി 50,000 രൂപയും അടക്കം ആകെ 85,000 രൂപ മുൻകൂർ നൽകി പണി പൂർത്തിയാക്കാത്തതിന്റെ നിജസ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു. ജില്ലാ കളക്ടർ പണി നിർത്തിവയ്ക്കാൻ ഉത്തരവിട്ടെന്നും പഞ്ചായത്ത് സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ ഉള്ള 55,000 രൂപ കൺവീനർ കൂടി ഒപ്പിട്ടാലേ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റാൻ സാധിക്കുകയുള്ളുവെന്നും കൺവീനർ ഒപ്പിടാൻ വിസമ്മതിച്ചതിനാലാണ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തുക മാറ്റാൻ സാധിക്കാത്തതെന്നും കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരികയാണെന്നും പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരണം നൽകി. 2004-2005-ൽ നടന്ന സംഗതിയിന്മേൽ ഏഴുവർഷത്തിനുശേഷം 9-5-2012-ലാണ് തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടി ആരംഭിച്ചതെന്ന് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരുടെ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ

ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരായ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെയും സംയുക്ത അക്കൗണ്ടിലുള്ള തുക പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുവാൻ വിസമ്മതിച്ച കൺവീനർമാർക്കെതിരെയും റവന്യൂ റിക്കവറി നടപടിയും വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയും സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ, കരിമ്പിൻകണ്ടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കൺവീനറുടെ വിവരങ്ങൾ അന്വേഷിച്ച് അറിയുന്നതിനായി അദ്ദേഹം താമസിക്കുന്ന കൽപ്പറ്റ വില്ലേജ് ഓഫീസർക്ക് മൂന്ന് തവണ കത്തയച്ചിട്ടും മറുപടി നൽകാതിരുന്നതിന് വില്ലേജ് ഓഫീസർക്കെതിരെയും നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

28. **ജോലിക്ക് കൂലി ഭക്ഷണം പരിപാടി അനുസരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച വട്ടക്കുന്ന് ആദിവാസി കോളനി ചെക്ക് ഡാം, കരിമ്പിൻകണ്ടി ജലസേചനം എന്നീ പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ ഇനത്തിൽ നൽകിയ തുകയിൽ സെക്രട്ടറിയുടെയും കൺവീനർമാരുടെയും സംയുക്ത അക്കൗണ്ടിലുള്ള തുക ഈടാക്കാനുള്ള നടപടി 7 വർഷത്തിന് ശേഷം മാത്രമാണ് ആരംഭിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്കെതിരെയും തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാൻ വിസമ്മതിച്ച കൺവീനർമാർക്കെതിരെയും റവന്യൂ റിക്കവറി നടപടിയുൾപ്പെടെയുള്ളവ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

29. **കരിമ്പിൻകണ്ടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് മുൻകൂർ തുക കൈപ്പറ്റുകയും പണി പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്ത കൺവീനറുടെ വിവരം ലഭ്യമാക്കണമെന്ന പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാതിരുന്ന കല്പറ്റ വില്ലേജ് ഓഫീസർക്കെതിരെ നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

എടവക ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി—മുൻകൂർ നൽകി പ്രവൃത്തി നടപ്പാക്കിയിട്ടില്ല**

**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06; ഖണ്ഡിക 3.8)**

ബഹു. ജില്ലാ കളക്ടർ അവർകളുടെ 5-10-2005-ലെ ബി1-4899/04/ഡി.ആർ.ഡി.എ. നമ്പർ ഉത്തരവ് പ്രകാരം നാഷണൽ ഫുഡ്ഫോർ വർക്ക് പ്രോഗ്രാം നിർത്തലാക്കിയപ്പോൾ, പ്രവൃത്തി തുടങ്ങാതെ അനുവദിച്ച തുകകൾ സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. എടവക ഗ്രാമപഞ്ചായത്തിൽ 37,500 രൂപ

പിൻവലിച്ചിട്ടും പ്രവൃത്തി നടത്തിയതായി കാണുന്നില്ല. സംയുക്ത അക്കൗണ്ടിൽ പാഴ്നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്ന 56,250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടയ്ക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | അഡ്വാൻസ് തുക/ചെക്ക് | ചെലവഴിച്ച തുക | സെക്രട്ടറിയുടെ/ കൺവീനറുടെ സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
|---|---|---|---|---|---|---|
| 1 | കുലോട്ട്മൂല വയൽ കുളം | 75,000 | 18,750<br>613406/<br>23-6-05 | 7,500 | 11,250 | യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല |
| 2 | കോഴിങ്ങിലേരി വയൽകുളം | 75,000 | 18,750<br>613407<br>20-7-05 | 7,500 | 11,250 | .. |
| 3 | വള്ളിയൂർ ചെക്ക് ഡാം | 2,25,000 | 56,250<br>613402<br>29-4-05 | 22,500 | 33,750 | .. |
| | | | ആകെ | 37,500 | 56,250 | |

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :
ശ്രീ. കെ. കെ. ചന്ദ്രശേഖരൻ,
സെക്രട്ടറി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09; ഖണ്ഡിക 3.9.5)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. കുലോട്ടുമൂല വയൽക്കുളം, കോഴിങ്ങിലേരി വയൽക്കുളം, വള്ളിയൂർ ചെക്ക് ഡാം എന്നീ മൂന്ന് പ്രവൃത്തികൾക്കായി അനുവദിച്ച 93,750 രൂപയിൽ 37,500 രൂപ ചെലവഴിച്ച്

ബാക്കി 56,250 രൂപ പഞ്ചായത്ത് സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ പാഴ്നിക്ഷേപമായിരിക്കുകയും ചെയ്യുന്ന എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. മുൻകൂർ നൽകിയതിൽ ഒന്നാമത്തെ പ്രവൃത്തിയുടെ തുക പലിശയടക്കം പൂർണ്ണമായും, രണ്ടാമത്തെ പ്രവൃത്തിയുടെ തുകയും 2,423 രൂപ പലിശയും മൂന്നാമത്തെ പ്രവൃത്തിയുടെ തുക മാത്രവും പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്നും സംയുക്ത അക്കൗണ്ടിൽ നീക്കിയരിപ്പുള്ള തുക പലിശയടക്കവും പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയാൽ ഇത്തരം കാര്യങ്ങളിൽ വീഴ്ച സംഭവിക്കില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ബോധവൽക്കരണമുൾപ്പെടെ പരമാവധി കാര്യങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകാറുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും കഴിഞ്ഞമാസം മുതൽ ജില്ലാതല മോണിറ്ററിംഗ് നടത്തി ശക്തമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞതായി പഞ്ചായത്ത് ഡയറക്ടറും തദവസരത്തിൽ സമിതി മുമ്പാകെ വ്യക്തമാക്കി. അവശേഷിക്കുന്ന പലിശത്തുക കൂടി അടിയന്തരമായി ഈടാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

ആയതിന് തദ്ദേശസ്വയംഭരണ വകുപ്പ് 1-1-2014-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവരം ഇപ്രകാരമാണ്.

31. "ജില്ലാ കളക്ടറുടെ 5-10-2005-ലെ ബി1-4899/2004/ഡി.ആർ.ഡി.എ. നമ്പർ ഉത്തരവുപ്രകാരം നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം നിർത്തലാക്കിയപ്പോൾ പ്രവൃത്തി തുടങ്ങാതെ അനുവദിച്ച തുകകൾ സെക്രട്ടറിയുടെയും കൺവീനറുടേയും സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 56,250 രൂപയും, 15,524 രൂപ പലിശയും ഉൾപ്പെട്ട ആകെ 71,774 രൂപ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 3 അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട കുലോട്ടുമൂല വയൽക്കുളം പ്രവർത്തിയുടെ മുൻകൂർ തുക 7,500 രൂപയും പലിശ 4,950 രൂപയും രസീതി നമ്പർ 25274/30 തീയതി 2-3-2009 ആയി തിരിച്ചടച്ചിട്ടുണ്ട്. കോഴിങ്ങിലേരി-വയൽക്കുളം പ്രവൃത്തിയുടെ മുൻകൂർ തുക 7,500 രൂപയും പലിശ 2,423 രൂപയും രസീതി നമ്പർ 112011-00152 തീയതി 26-4-2012 ആയും പലിശയിനത്തിൽ കുറവുണ്ടായിരുന്ന 6,302 രൂപ രസീതി നമ്പർ 112011-03338 തീയതി 4-2-2013 പ്രകാരവും അടവാക്കിയിട്ടുണ്ട്. വള്ളിയൂർക്കാവ് ചെക്ക് ഡാം പ്രവൃത്തിയുടെ മുൻകൂർ തുകയായ 22,500 രൂപ രസീതി നമ്പർ 34305/31 തീയതി 25-3-2009 ആയും പലിശ 10,000 രൂപ രസീതി നമ്പർ 112011-02522 തീയതി 3-12-2012 ആയും പലിശയിനത്തിൽ കുറവുണ്ടായിരുന്ന 3,838 രൂപ 112011-03832 തീയതി 25-2-2013 ആയും

പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. കുലോട്ടുമൂല-വയൽക്കുളം, വള്ളിയൂർക്കാവ് ചെക്ക് ഡാം, കോഴിങ്ങിലേരി-വയൽക്കുളം പ്രവൃത്തികളുടെ പലിശയിനത്തിൽ അടക്കേണ്ടതായ മുഴുവൻ തുകയും അടച്ചുതീർത്തിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു."

32. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ തുക | ചെലവ് | സെക്രട്ടറിയുടെ/ കൺവീനറുടെ സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക | തിരിച്ചടവ് വിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കുലോട്ടുമൂല വയൽക്കുളം | 18,750 | 7,500 | 11,250 | 7,500 രൂപയും പലിശയിനത്തിൽ 4,950 രൂപയും കൂടി ആകെ 12,450 രൂപ 25274/ 30-ാം നമ്പർ രസീത് പ്രകാരം 2-3-2009-ന് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. |
| 2 | കോഴിങ്ങിലേരി വയൽക്കുളം | 18,750 | 7,500 | 11,250 | 7,500 രൂപയും പലിശയിനത്തിൽ 2,423 രൂപയും കൂടി ആകെ 9,923 രൂപ രസീത് നമ്പർ 11201100152/ 26-4-2012 പ്രകാരവും, പലിശയിനത്തിലെ ബാക്കി തുക 6,302 രൂപ രസീത് നമ്പർ 11201103338/ 4-2-2013 പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. |
| 1 | 2 | 3 | 4 | 5 | 6 |

| | | | | | |
|---|---|---|---|---|---|
| 3 | വള്ളിയൂർ ചെക്ക് ഡാം | 56,250 | 22,500 | 33,750 | 22,500 രൂപ രസീത് നമ്പർ 25-4-2009-ലെ 34309/31 പ്രകാരവും, പലിശയിനത്തിൽ ആദ്യ ഗഡു 10,000 രൂപ 112011-02522/ 3-12-2012 പ്രകാരവും രണ്ടാം ഗഡുവായി 3,838 രൂപ 112011-03832/ 25-2-2013 പ്രകാരവും പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. |

33. പരാമർശവിധേമായ മൂന്ന് പ്രവൃത്തികൾക്കുവേണ്ടിയും ആരംഭിച്ച ഓരോ അക്കൗണ്ടുകളിലും 30-9-2011-ന് നീക്കിയിരിപ്പുണ്ടായിരുന്ന തുകകൾ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ഇതിൽ കുലോട്ടുമൂല വയൽക്കുളം പ്രവൃത്തിക്കായി ആരംഭിച്ച അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 14,007 രൂപയും (11,250+2,757 പലിശയും) വള്ളിയൂർ ചെക്ക് ഡാം പ്രവൃത്തി-അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 43,817 (33,750+10,067 പലിശ) രൂപയും 3-3-2012-ലും കോഴിങ്ങിലേരി വയൽക്കുളം പ്രവൃത്തി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 13,950 രൂപ (11,250+2,700 പലിശ) 8-3-2012-ലും മാനന്തവാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ (നമ്പർ 175) വരവ് വച്ചിട്ടുണ്ട്. ഇപ്രകാരം പലിശ ഉൾപ്പെടെയുള്ള 71,774 രൂപ (56,250+15,524) തിരിച്ചടച്ചിട്ടുണ്ട്.

34. പ്രവൃത്തികൾ നടത്തുന്നതിനുവേണ്ടി കൈപ്പറ്റിയ മുൻകൂർ തുകകൾ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ പലിശ സഹിതം കൺവീനർമാർ തിരിച്ചടച്ചിട്ടുണ്ട്. കുലോട്ടുമൂല വയൽക്കുളം പ്രവൃത്തിക്കായി കൈപ്പറ്റിയ 7,500 രൂപയും പലിശയും (4,950) രസീത് നമ്പർ 25274/30 2-3-2009 പ്രകാരവും, കോഴിങ്ങിലേരി വയൽക്കുളം പ്രവൃത്തിക്കായി കൈപ്പറ്റിയ 7,500 രൂപയും പലിശ നോട്ടീസ് ഫീസ് ഉൾപ്പെടെ 8,775 രൂപയും (2,473+6,302=8,775) രസീത് നമ്പർ 112011-00152/26-4-2012, 112011-03338 4-2-2013 പ്രകാരവും ഒടുക്കിയിട്ടുണ്ട്. വള്ളിയൂർ ചെക്ക് ഡാം പ്രവൃത്തിക്കായി കൈപ്പറ്റിയ മുതൽ മാത്രം 22,500 രൂപ രസീതി നമ്പർ 34309/31 25-4-2009 പ്രകാരവും പലിശ 13,838 രൂപ രസീതി നമ്പർ 112011-02522 തീയതി 3-12-2012 നമ്പർ 112011-03832 തീയതി 25-2-2013 പ്രകാരവും പിന്നീട് ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് പലിശ കൺവീനർ മുൻകൂർ തുക കൈപ്പറ്റിയ തീയതി മുതൽ കണക്കാക്കുന്നതിന് പകരം ജില്ലാ കളക്ടർ പദ്ധതി നിർത്തൽ ചെയ്ത തീയതി (5-10-2005) മുതൽ കണക്കാക്കി ഡിമാന്റ് ചെയ്തതിനാൽ പലിശ

ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട് എന്നു അറിയിക്കുന്നു."

**നിഗമനങ്ങൾ/ശിപാർശകൾ**

35. **പരാമർശവിധേയമായ മൂന്ന് പ്രവൃത്തികൾക്കുവേണ്ടി ആരംഭിച്ച് അക്കൗണ്ടിൽ നീക്കിയിരിപ്പിലുണ്ടായിരുന്ന തുകകൾ പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുള്ളതായും പ്രവൃത്തികൾ നടത്തുന്നതിനുവേണ്ടി മുൻകൂർ കൈപ്പറ്റിയ തുകകൾ പലിശ സഹിതം കൺവീനർമാർ തിരിച്ചടച്ചിട്ടുള്ളതായുമുള്ള സർക്കാർ മറുപടിയുടെയും ഓഡിറ്റ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

കോട്ടത്തറ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജോലിക്ക് കൂലി ഭക്ഷണം പരിപാടി—മുൻകൂർ തുക നൽകി. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**
**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06; ഖണ്ഡിക 3-3)**

ജോലിക്ക് കൂലി ഭക്ഷണം പരിപാടി അനുസരിച്ച് കോട്ടത്തറ ഗ്രാമപഞ്ചായത്ത്, പുതുശ്ശേരി കുന്നുകുളം നിർമ്മാണം, മരവയൽ കുറിച്ച്യ കോളനി കുളം, മരവയൽ കുറുമ കോളനി കുളം, കരിങ്കുറ്റി കോളനി കുളം എന്നീ പ്രവൃത്തികൾ നടപ്പാക്കാൻ തീരുമാനിക്കുകയും കൺവീനർമാർക്ക് മുൻകൂർ ആയി 65,500 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.) 3475/05/ത.സ്വ.ഭ.വ. തീയതി 22-8-2005 പ്രകാരം മുഴുവൻ പ്രവൃത്തികളും നിർത്തിവെയ്ക്കപ്പെട്ടു. സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ 1,36,900 രൂപ നീക്കിയിരിപ്പുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2008-09, ഓഡിറ്റ് ഖണ്ഡിക 3.9.6)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിലുള്ള 1,36,900 രൂപ പലിശ സഹിതം ആകെ 1,54,621 രൂപ പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും മുൻകൂർ നൽകി പണി പൂർത്തീകരിക്കാതെയിരുന്ന കൺവീനർമാരുടെ പക്കൽ നിന്നും മുൻകൂർ തുകയായ 65,500 രൂപ ഈടാക്കുന്നതിലേക്കായി 17-11-2012-ൽ റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. തുക നൽകി

എട്ട് വർഷമായിട്ടും ഇപ്പോൾ മാത്രമാണ് റിക്കവറി നടപടി ആരംഭിച്ചതെന്ന് നിരീക്ഷിച്ച സമിതി കേസ് കാലഹരണപ്പെട്ടുവോ എന്ന് ആരാഞ്ഞു. ആദ്യം ഡിമാന്റ് ചെയ്ത് ബന്ധപ്പെട്ട കക്ഷികളുടെ മറുപടി കേൾക്കുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് ഈ കേസ് കാലഹരണപ്പെട്ടിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അടിയന്തരമായി മുൻകൂർ നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

37. **പരാമർശവിധേയമായ പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ നൽകിയ തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മുൻകൂർ നൽകിയ തുക അടിയന്തരമായി കൺവീനർമാരിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ നടപ്പാക്കിയ ആശ്രയ പദ്ധതി കമ്പ്യൂട്ടർ സ്ഥാപിക്കൽ പ്രയോജനം ചെയ്തിട്ടില്ല**

**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07; ഖണ്ഡിക 3-19)**

അഗതി ആശ്രയ പദ്ധതിക്ക് ആവശ്യമായ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി ആശ്രയ കമ്പ്യൂട്ടർ പദ്ധതി നടപ്പിലാക്കുന്നതിനായി 2004-2005-ൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിന് 2,50,000 രൂപ അനുവദിച്ചിരുന്നു.

മൂന്ന് കമ്പ്യൂട്ടറുകൾ (ഒരു സെർവർ, 2 നോഡുകൾ) പ്രിന്റർ, യു.പി.എസ്., മോഡം (ഓൺലൈൻ) നെറ്റ് വർക്കിംഗ്, സോഫ്റ്റ്‌വെയറുകൾ എന്നിവ സ്ഥാപിക്കുന്നതിനായാണ് പണം അനുവദിച്ചതെന്ന് കുടുംബശ്രീ മിഷൻ ഡയറക്ടറുടെ 1-12-2003-ലെ കത്തിൽ പറഞ്ഞിരിക്കുന്നു. ഇതേ കത്ത് പ്രകാരമാണ് ഇൻഫോശ്രീ സിസ്റ്റംസ് ആന്റ് പെരിഫറൽസ്, ചെമ്മനാട്, കാസർഗോഡിന് സപ്ലൈ ഓർഡർ നൽകിയത്. മേൽപ്പറഞ്ഞ ഉപകരണങ്ങളും അനുബന്ധ സഹായങ്ങളും സ്ഥാപിക്കുന്നതിനായി 6-6-2006-ന് ഇൻഫോശ്രീ 1,58,150 രൂപയുടെ ക്വട്ടേഷൻ നൽകി.

ബി2/795/04 തീയതി 2-8-2006 പ്രകാരം സെക്രട്ടറി സപ്ലൈ ഓർഡർ നൽകി. അഡ്വാൻസായി 91,462 രൂപയുടെ ചെക്ക് (25529/2-8-2006) ഇൻഫോശ്രീക്ക് നൽകി. മൂന്ന് കമ്പ്യൂട്ടറും, ഒരു യു.പി.എസ്സും സപ്ലൈ ചെയ്യുകയും (വില 1,05,850 രൂപ) അവ സ്ഥാപിച്ചു എന്ന് 19-9-2006-ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

 1-12-2003-ലെ കുടുംബശ്രീ മിഷൻ ഡയറക്ടറുടെ കത്തിൽ 75% വരെ തുക മുൻകൂറായി

നൽകാമെന്നും ബാക്കി തുക കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച എന്ന് നാഷണൽ ഇൻഫോർമാറ്റിക് സെന്ററിലെ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിരുന്നു.

24-11-2006-ന് എൻ.ഐ.സി. ഉദ്യോഗസ്ഥർ ഇൻസ്പെക്ഷൻ തീരുമാനിച്ചെങ്കിലും ഇൻഫോശ്രീ പ്രതിനിധികൾ സഹകരിക്കാത്തതിനാൽ ഇൻസ്പെക്ഷൻ നടന്നില്ല. നാളിതുവരെ കമ്പ്യൂട്ടർ സ്ഥാപിച്ചത് സംബന്ധിച്ച് സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. അതിനാൽ ബാക്കി തുകയും നൽകിയിട്ടില്ല.

ഈ പദ്ധതിക്കായി നൽകിയ 2,50,000 രൂപയിൽ 91,462 രൂപ ചെലവഴിച്ചു. ബാക്കി 1,58,538 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു. പദ്ധതി വിഭാവനം ചെയ്ത പ്രകാരം നെറ്റ്‌വർക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല.

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ ഉപയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

വി. എം. അബ്ദുള്ള,
വട്ടക്കുടി ഹൗസ്,
പഴേരി, കുപ്പാടി പി.ഒ.,
സുൽത്താൻബത്തേരി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 3.7.6(i)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. ആശ്രയ കമ്പ്യൂട്ടർ പദ്ധതി പ്രകാരം കുടുംബശ്രീ മുഖേന കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനായി കോട്ടത്തറ ഗ്രാമപഞ്ചായത്ത് 2,50,000 രൂപ അനുവദിച്ചതിൽ ഭാഗികമായി മാത്രം കമ്പ്യൂട്ടർവൽക്കരണം നടത്തുകയും അവശേഷിച്ച തുക നിഷ്ക്രിയമായി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിനെയും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. കുടുംബശ്രീ വഴി 91,462 രൂപ മുൻകൂറായി ഇൻഫോശ്രീ സിസ്റ്റംസ് ആന്റ് പെരിഫറൽസ്, ചെമ്മനാട്, കാസർഗോഡിന് പ്രത്യേക ഉത്തരവുവഴി സപ്ലൈ ഓർഡർ നൽകിയതാണെന്നും പദ്ധതി പ്രകാരം 75% വരെ മുൻകൂറായും ബാക്കി തുക നാഷണൽ ഇൻഫോർമാറ്റിക് സെന്ററിലെ (എൻ.ഐ.സി.) ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകിയതിന് ശേഷവും നൽകാമെന്ന വ്യവസ്ഥയുണ്ടായിരുന്നെന്നും

1,05,850 രൂപയുടെ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. എന്നാൽ എൻ.ഐ.സി.യുടെ പരിശോധനയുമായി ഇൻഫോശ്രീ സിസ്റ്റംസ് നിസ്സഹകരിച്ചതുകാരണമുള്ള പ്രശ്നങ്ങളാണുള്ളതെന്നും കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്രദമാണെന്നും അനുവദിച്ച ഫണ്ട് മുഴുവൻ ഇതിലേക്ക് ഉപയോഗപ്പെടുത്തിയില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും ചെലവഴിച്ച 91,462 രൂപ കഴിച്ച് ബാക്കിയുള്ള 1,58,538 രൂപ ജില്ലാമിഷനിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട വസ്തുതകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് 15-4-2013-ലെ കത്ത് മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം താഴെച്ചേർത്തിരിക്കുന്നു:

39. "കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് അഡ്വാൻസായി ഇൻഫോശ്രീ സിസ്റ്റംസ് ആന്റ് പെരിഫറൽസ് ചെമ്മനാടിന് നല്കിയ 91,462 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറിക്കായി കത്ത് നമ്പർ എ 1-4046 തീയതി 17-11-2012-ന് കാസർഗോഡ് ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകി. ബാക്കി തുകയായ 1,58,538 രൂപ സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 19, കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്ക്, വെണ്ണിയോട് ശാഖ) പ്രസ്തുത തുക 20-11-2012-ന് ചെക്ക് നമ്പർ 34514 പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററുടെ പേരിൽ തിരിച്ചു നൽകിയെങ്കിലും 13-3-2013 വരെ സി.ഡി.എസ്. അക്കൗണ്ടിൽ നിന്നും കുറവ് വരുത്തിയിട്ടില്ല."

### നിഗമനങ്ങൾ/ശിപാർശകൾ

40. **കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് ഇൻഫോശ്രീ സിസ്റ്റംസ് ആന്റ് പെരിഫറൽസ് ചെമ്മനാടിന് മുൻകൂറായി നൽകിയ തുക റവന്യൂ റിക്കവറി മുഖേന അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

### സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട വാടക പിരിവ്—അപാകതകൾ**
**[ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ;ഖണ്ഡിക 2-6]**

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ 2006-07 സാമ്പത്തിക വർഷത്തെ വാടക പിരിവ് പരിശോധിച്ചതിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു:

വാടകക്കാരുമായി കൃത്യമായ എഗ്രിമെന്റിൽ ഏർപ്പെടുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് ഏറ്റെടുക്കുന്ന വ്യക്തികളുമായി കൃത്യമായ എഗ്രിമെന്റിൽ ഏർപ്പെടുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് വീഴ്ചവന്നതായി കാണുന്നു. മുറി വാടകയ്ക്ക് ഏറ്റെടുക്കുന്നവർ പാലിക്കേണ്ടുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വ്യക്തമായ എഗ്രിമെന്റിൽ ഏർപ്പെടുകയും വ്യവസ്ഥകൾ ലംഘിക്കുന്ന വാടകകാർക്കെതിരെ നടപടിയെടുക്കുകയും ചെയ്യുന്നതിന് പകരം വാടകക്കാരിൽ നിന്ന് കാലിയായ മുദ്രപ്പത്രങ്ങൾ വാങ്ങി വെയ്ക്കുകമാത്രമാണ് ചെയ്തിരിക്കുന്നത്. കെട്ടിടവാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും വൻതുകകൾ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്നുവെന്നിരിക്കെ, വാടകക്കാരുമായി കൃത്യമായ എഗ്രിമെന്റിൽ ഏർപ്പെടാതിരിക്കുന്നത് കുടിശ്ശികക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായിത്തീരും. ആയിതിനാൽ ഈ പ്രവണത ഒഴിവാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ. കെ. സി. വേണുഗോപാലൻ നായർ,
28/2672, നിശാഗന്ധി, നെല്ലിക്കോട് പി.ഒ.,
കോഴിക്കോട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 3.1.2(i) എ.]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

41. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് വാടകക്കാരുമായി കൃത്യമായി കരാർ വയ്ക്കാത്തതിന്റെ ഫലമായി കുടിശ്ശികയിനത്തിൽ വൻതുക കിട്ടാനുണ്ടെന്നും കരാർ വയ്ക്കാത്തതിനാൽ നിയമനടപടി സ്വീകരിക്കാൻ തടസ്സം നേരിടുന്നുണ്ടെന്നും എഗ്രിമെന്റ് വയ്ക്കണമെന്ന വ്യവസ്ഥ ലംഘിക്കപ്പെട്ടുവെന്നുമുള്ള ഓഡിറ്റിന്റെ നിരീക്ഷണത്തിന്മേൽ സർക്കാർ ഇക്കാര്യം ശ്രദ്ധിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. പരാമർശവിധേയമായ കാലത്ത് ജോലിത്തിരക്കുമൂലം ബ്ലാങ്ക് എഗ്രിമെന്റ് പേപ്പറുകൾ വാങ്ങി സൂക്ഷിക്കുകയായിരുന്നെന്നും കരാറുകാർ നഷ്ടം വരുത്തിയിട്ടില്ലെന്നും, കുടിശ്ശിക കുറെ പിരിച്ചെടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ വിശദമാക്കി. പഞ്ചായത്തിൽ 104 ഷോപ്പിംഗ് കോപ്ലക്സ് മുറികളിൽ 96 എണ്ണത്തിനും 34 മാർക്കറ്റ് സ്റ്റാളുകളിൽ 28 എണ്ണത്തിനും 2006-07-ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നുള്ളതിൽ ബാക്കിയുള്ളവയ്ക്ക് എഗ്രിമെന്റ് വയ്ക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. ബ്ലാങ്ക് എഗ്രിമെന്റ്

പേപ്പറുകൾ തന്നിട്ടുണ്ടെന്നും കരാറുകാർ നഷ്ടം വരുത്തിയിട്ടില്ലെന്നും നിലവിൽ എഗ്രിമെന്റ് വയ്ക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് സമതി മുമ്പാകെ മറുപടി നൽകി. എഗ്രിമെന്റ് വയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്ന പ്രവണത ഇല്ലാതാക്കുന്നതിനും എഗ്രിമെന്റില്ലാതെ മുറികൾ ഉപയോഗിക്കുന്നവരെ ഒഴിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ച് സർക്കാർ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

എന്നാൽ സമിതി നിർദ്ദേശപ്രകാരമുള്ള റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

42. **ഗ്രാമപഞ്ചായത്ത്, വാടകക്കാരുമായി കൃത്യമായി കരാർ വെയ്ക്കാത്തതിന്റെ ഫലമായി കുടിശ്ശികയിനത്തിൽ വൻതുക കിട്ടാനുണ്ടെന്നും, കരാർ വെയ്ക്കാത്തതിനാൽ നിയമനടപടി സ്വീകരിക്കാൻ തടസ്സം നേരിടുന്നുവെന്നും സമിതി വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് കൊടുക്കുമ്പോൾ വാടകക്കാരുമായി കൃത്യമായ കരാർ വെയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വ്യക്തമായ കരാറില്ലാതെ ഷോപ്പിംഗ് കോംപ്ലക്സ് മുറികളും മാർക്കറ്റ് സ്റ്റാളുകളും ഉപയോഗിക്കുന്നവരെ ഒഴിപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

43. **ഇത് ഒരു ഗ്രാമപഞ്ചായത്തിന്റെ മാത്രമായ വീഴ്ചയായി സമിതി കരുതുന്നില്ല. സംസ്ഥാനത്ത് പല ഗ്രാമപഞ്ചായത്തുകളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് ഏറ്റെടുക്കുന്ന വ്യക്തികളുമായി കൃത്യമായ കരാർ വയ്ക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വര ശ്രദ്ധ പതിയണമെന്നും കരാർ വയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാടക കുടിശ്ശിക പിരിച്ചെടുക്കുന്നില്ല**
**(ഓഡിറ്റ് വർഷം 2006-07, ഖണ്ഡിക 2-6)**

ഓഡിറ്റിന് ലഭ്യമാക്കിയ വാടക കുടിശ്ശിക പിരിവ് സംബന്ധിച്ച ഏറ്റവും പുതിയ കണക്കുകൾ (31-7-2009) പ്രകാരം ചുവടെ ചേർക്കുന്ന വിധത്തിൽ കുടിശ്ശികകൾ അവശേഷിക്കുന്നതായി കാണുന്നു:

| | |
|---|---|
| 1985-86 മുതൽ 2002-03 വരെ | 12,41,857 |

| | |
|---|---|
| 2003-04 | 4,43,925 |
| 2004-05 | 2,90,720 |
| 2005-06 | 52,152 |
| 2006-07 | 7,008 |
| | 20,35,662 |

ഈ തുകയിൽ 2005-06 സാമ്പത്തിക വർഷം വരെയുള്ള നിലവിൽ കാലഹരണപ്പെട്ട 20,28,654 രൂപ സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതാണ്. 2006-07 സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 7,008 രൂപ (ശശികല ഉണ്ണികൃഷ്ണൻ-ലൈബ്രറി ബിൽഡിംഗ് സ്റ്റേർകേസ് റൂം) 2010 മാർച്ച് 31 നോട്ടുകൂടി കാലഹരണപ്പെട്ട തുകകളിൽ ഉൾപ്പെടുകയും നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരികയും ചെയ്യുമെന്നതുകൊണ്ട് ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. കെ. സി. വേണുഗോപാലൻ നായർ,
28/2672, നിശാഗന്ധി, നെല്ലിക്കോട് പി.ഒ.,
കോഴിക്കോട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 3.1.2(i) ബി.]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. 1985-86 മുതൽ 2006-07 വർഷം വരെ 20,35,662 രൂപ വാടക കുടിശ്ശിക പിരിഞ്ഞുകിട്ടാനുള്ളതിൽ 2006-07 വർഷത്തെ 7,008 രൂപ മാത്രമാണ് ആകെ പിരിച്ചെടുക്കുവാൻ സാധിച്ചതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, എന്തുകൊണ്ടാണ് ഇത്രയും തുക കുടിശ്ശികയാവുന്നതെന്നും കുടിശ്ശികയാകാതെ വാടക പിരിച്ചെടുക്കുവാൻ എന്തുകൊണ്ടാണ് സാധിക്കാത്തതെന്നും ഇത്രയും തുക കാലഹരണപ്പെട്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ തന്നെ അംഗീകരിച്ചിരിക്കുന്നതെന്തുകൊണ്ടാണെന്നും ആരാഞ്ഞു.

45. 2005-06 വരെയുള്ള തുക കാലഹരണപ്പെട്ടതായി ഓഡിറ്റ് റിപ്പോർട്ടിൽ തന്നെ

പരാമർശിച്ചിരിക്കുന്നതിനാൽ തുക പിരിച്ചെടുക്കുന്നതിന് നിയമ തടസ്സമുണ്ടെന്ന് സെക്രട്ടറി-ഇൻ-ചാർജ് സമിതിയിൽ വ്യക്തമാക്കി. തുടർച്ചയായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികളാണെങ്കിൽ അവർ തുക അടയ്ക്കുമ്പോൾ കുടിശ്ശികയിലാണ് വരവുവയ്ക്കേണ്ടതെന്നും അത്തരം സാഹചര്യത്തിൽ കാലഹരണപ്പെട്ടുവെന്ന് പറയുന്നതിൽ അർത്ഥമില്ലെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വാടക കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടു. കൂടാതെ വാടക പിരിച്ചെടുക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന അനാസ്ഥയിൻമേൽ സർക്കാർ തലത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും വാടകയും വാടകകുടിശ്ശികയും യഥാസമയം പിരിക്കാതിരുന്നവരും പ്രസ്തുത വീഴ്ച വരുത്തിയവരുടെ പേരിൽ നടപടി എടുക്കാതിരുന്നവരും വാടകത്തുക അടയ്ക്കുന്നത് കുടിശ്ശികയിൽ അക്കൗണ്ട് ചെയ്യാതിരുന്നവരുമായ എല്ലാ ഉദ്യോഗസ്ഥരുടെയും പേരിൽ കർശന നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

46. പ്രസ്തുത തുക പിരിച്ചെടുക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കാത്തത് സമിതിയോടുള്ള അനാദരവായി കണക്കാക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

47. **വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കടുത്ത അനാസ്ഥ കാണിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 1985-86 മുതൽ 2006-07 വർഷം വരെ 20,35,662 രൂപ വാടക കുടിശ്ശികയുള്ളതിൽ 7,008 രൂപ മാത്രമാണ് ആകെ പിരിച്ചെടുത്തത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മുറികൾ തുടർച്ചയായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ അടയ്ക്കുന്ന തുക കുടിശ്ശികയിനത്തിൽ വരവ് വെയ്ക്കേണ്ട തായിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. വാടക പിരിച്ചെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന അനാസ്ഥയിന്മേൽ സർക്കാർതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വാടകയും വാടക കുടിശ്ശികയും യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിലും വാടകത്തുക അടയ്ക്കുന്നത് കുടിശ്ശികയിൽ വരവ് വെയ്ക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിലും കർശനനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചട്ടങ്ങൾക്ക് വിരുദ്ധമായി വാടക തുകയിൽ ഇളവ് അനുവദിക്കൽ—തനത് വരുമാനത്തിൽ ഭീമമായ നഷ്ടം.**
**(ഓഡിറ്റ് വർഷം 2006-07 ; ഖണ്ഡിക 2-7)**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേലനടപടികളിലൂടെ കൈവശം വച്ചുവരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ ലേലവ്യവസ്ഥകൾക്കും, 1998-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ ചട്ടം) വ്യവസ്ഥകൾക്കും വിരുദ്ധമായി ഇളവ് അനുവദിച്ചു കൊടുത്തതിൽ പഞ്ചായത്തിന് തനത് വരുമാനത്തിൽ ഭീമമായ നഷ്ടം സംഭവിച്ചു. ഇളവ് അനുവദിക്കൽമൂലം തുടർവർഷങ്ങളിൽ ഉണ്ടായ ആവർത്തനനഷ്ടം 4,64,376 രൂപയാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. കെ. സി. വേണുഗോപാലൻ നായർ,

28/2672, നിശാഗന്ധി, നെല്ലിക്കോട് പി.ഒ.,

കോഴിക്കോട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-2010, ഓഡിറ്റ് ഖണ്ഡിക 3.1.2(ii)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ ലേലവ്യവസ്ഥകൾക്കും പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും വിരുദ്ധമായി ഇളവ് അനുവദിച്ചതിലൂടെ തുടർവർഷങ്ങളിൽ 4,64,376 രൂപയുടെ നഷ്ടം സംഭവിച്ചതിനെപ്പറ്റി സമിതി ആരാഞ്ഞതിന് പരാമർശവിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുകയാണെന്ന് പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് മറുപടി നൽകി.

49. നിയമസഭയിൽ സമർപ്പിച്ച സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികയിൻമേൽ സമിതി പരിശോധിച്ച് തീരുമാനമോ ശിപാർശയോ നൽകുന്നതിന് മുൻപ് എന്തടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിനെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കാൻ അക്കാലത്തെ വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 23-3-2011-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ശിപാർശ നൽകിയതെന്ന് ആരാഞ്ഞ സമിതി, ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് ടിയാൾക്കെതിരെ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 8-1-2013-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ വിശദീകരണം താഴെച്ചേർക്കുന്നു:

50. "ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഖണ്ഡിക നമ്പർ 3.1.2(ii)-ന് ഗ്രാമപഞ്ചായത്ത് നൽകിയ നടപടി വിശദീകരണ പത്രികയിൽ വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 21-3-2011-ലെ എൽ.എഫ്.(ഡബ്ല്യൂ) പി4-141/2011-ാം നമ്പർ കത്ത് പ്രകാരം നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കുന്നതാണെന്ന് സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ മേൽകത്ത് പ്രകാരം 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1 മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. ഈ ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമാണ്. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട 2006-07 വർഷത്തെ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 നിലനിൽക്കുന്നതും ആയതിന് നാളിതുവരെ പ്രഥമ മറുപടി ലഭ്യമാക്കുകയോ അനന്തര നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നറിയിക്കുന്നു. പകരം 2004-05 ഓഡിറ്റ് റിപ്പോർട്ടിലെ (ഖണ്ഡിക 2.1) ശിപാർശ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെടുത്തി സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിശദീകരണമാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സമിതിയിൽ അവതരിപ്പിച്ചത്. ആയതിനാൽ സമിതി നിർദ്ദേശം പുനഃപരിശോധിക്കണമെന്നും തെറ്റായ വിവരങ്ങൾ നൽകിയ ഗ്രാമപഞ്ചായത്തിനെതിരെ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യണമെന്നും വിനീതമായി അപേക്ഷിക്കുന്നു".

സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ മറുപടി നൽകാനിടയായതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 11-7-2013-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ വിശദീകരണ കുറിപ്പ് ഇപ്രകാരമാണ് :

51. "ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച 3.1.2(ii) ഖണ്ഡികയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി വാടക തുകയിൽ ഇളവ് അനുവദിച്ചതുവഴി ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായതായി ഓഡിറ്റ് പരാമർശിച്ചിരുന്നു. ഇതിന് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രികയിൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 5-1-2006-ലെ PR 5/2006(23) നമ്പർ തീരുമാനപ്രകാരമാണ് ഓഡിറ്റ് പരാമർശത്തിന് ആസ്പദമായ നടപടി ഉണ്ടായതെന്നും ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 23-3-2011-ലെ LFW P4-141/11 നമ്പർ ഉത്തരവ് പ്രകാരം നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കാവുന്ന താണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു എന്നും പരാമർശിച്ചു.

52. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 5-12-2012-ലെ തെളിവെടുപ്പ് യോഗത്തിൽ ഓഡിറ്റ് ഖണ്ഡിക സമിതി പരിശോധിച്ച് തീരുമാനമോ ശിപാർശയോ നൽകുന്നതിന് മുമ്പുതന്നെ ഓഡിറ്റ് പരാമർശത്തിന് വിധേയരായവരെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വയനാട്

ഡെപ്യൂട്ടി ഡയറക്ടർ 23-3-2011-ലെ കത്തുപ്രകാരം ഡയറക്ടർക്ക് ശിപാർശ നൽകിയതിനുള്ള കാരണം പരിശോധിച്ച് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

53. ഓഡിറ്റ് പരാമർശത്തിന് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിലെ വസ്തുതകൾ പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ 7-12-2012-ലെ അർദ്ധ ഔദ്യോഗിക കത്തുമുഖേന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പഞ്ചായത്ത് ഡയറക്ടറോടും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടറോടും നിർദ്ദേശിച്ചു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 12-12-2012-ൽ ലഭ്യമാക്കിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തിന്റെ മറുപടിയിൽ പരാമർശിക്കുന്ന കത്ത് 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1-ലെ നഷ്ടവുമായി ബന്ധപ്പെട്ടത് മാത്രമാണെന്നും 2006-07 വർഷത്തെ ഖണ്ഡിക 2.7-മായി ബന്ധമില്ലെന്നും ബോദ്ധ്യപ്പെട്ട വിവരം അറിയിച്ചു. നിയമസഭാ സമിതിക്ക് മറുപടി നൽകുന്നതിൽ ആവശ്യമായ ശ്രദ്ധ പുലർത്താതിരിക്കുകയും വീഴ്ചപറ്റിയിട്ടും ഒരു ഖേദപ്രകടനം പോലും നടത്താതെ റിപ്പോർട്ട് നൽകിയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം സർക്കാർ 2-1-2013-ലെ കത്തുപ്രകാരം ആവശ്യപ്പെട്ടു. ആയതിന് 27-3-2013-ലെ കത്ത് പ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം നൽകുകയും സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ വിശദീകരണവും മാപ്പപേക്ഷയും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

54. 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഫയലിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മറുപടി തയ്യാറാക്കി നൽകിയതെന്നും ഫയലിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ LFW P4 141/11 തീയതി 23-3-2011 നമ്പർ കത്ത് സൂക്ഷിച്ചതുമൂലം വന്ന വീഴ്ചയാണെന്നും പ്രസ്തുത കത്ത് 2006-07-ലെ ഖണ്ഡിക 2.7-മായി ബന്ധപ്പെട്ടാണെന്ന് തെറ്റിദ്ധരിച്ചാണ് മറുപടി നൽകിയതെന്നും യഥാർത്ഥത്തിൽ സമാനവിഷയത്തിൽ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.1 പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകിയ കത്തായിരുന്നെന്നും സമിതിക്ക് മറുപടി നൽകുന്നതിനുമുമ്പ് ബന്ധപ്പെട്ട ഫയലുകൾ പഠിക്കുന്നതിനോ സൂക്ഷ്മപരിശോധന നടത്തുന്നതിനോ ഉള്ള സാവകാശം ലഭിച്ചിരുന്നില്ലെന്നും ബോധപൂർവ്വം സമിതിയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചിട്ടില്ലെന്നും മേൽവസ്തുതകൾ പരിഗണിച്ച് വന്നുപോയ വീഴ്ച മാപ്പാക്കിത്തരണമെന്നും സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താൽപ്പര്യപ്പെടുന്നു".

**നിഗമനങ്ങൾ/ശിപാർശകൾ**

55. **സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ റിപ്പോർട്ട് നൽകാനിട യായതിൽ മാപ്പപേക്ഷിച്ചുകൊണ്ടുള്ള സർക്കാർ കത്ത് സമിതി പരിഗണിക്കുകയുണ്ടായി. സമിതി മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന അവസരത്തിൽ കൂടുതൽ ശ്രദ്ധയും**

**കാര്യക്ഷമതയും പുലർത്തണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും സമിതി കർശനമായി നിർദ്ദേശിക്കുന്നു.**

56. **ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ, ചട്ടവിരുദ്ധമായി വൻ ഇളവ് അനുവദിച്ചതിലൂടെ പഞ്ചായത്തിന് ഭീമമായ നഷ്ടം സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത നഷ്ടം ഈടാക്കുന്നതിന് പഞ്ചായത്ത് അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിഷ്ക്രിയ ആസ്തികൾ പെരുകുന്നത്—തുടർനടപടികൾ സ്വീകരിച്ചിട്ടില്ല**
**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ; ഖണ്ഡിക നമ്പർ 3.5)**

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ലക്ഷങ്ങൾ മുടക്കി സൃഷ്ടിച്ച ആസ്തികളിൽ പലതും യാതൊരു വരുമാനവും ലഭ്യമാകാതെയും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെയും കിടക്കുന്നതായി ഓഡിറ്റിൽ കാണുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ടതും വർഷങ്ങളായി പണിതിട്ടും പ്രയോജനം ലഭിക്കാത്തതുമായ ഒരു ആസ്തിയാണ് ആധുനിക അറവുശാല സംബന്ധിച്ചത്. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിലെ 208/2 എ 210, 211 സർവ്വേ നമ്പറുകളിലെ 2.75 ഏക്കർ ഭൂമിയിൽ പണിതിട്ടുള്ളതും 378 എം2 വിസ്തീർണ്ണമുള്ളതുമായ അറവുശാല നാളിതുവരെ പ്രവർത്തിപ്പിച്ചതായോ ഈയിനത്തിൽ വരുമാനം ലഭിക്കുന്നതായോ കാണുന്നില്ല. 18-7-2000-ലെ 60(1)ാം നമ്പർ തീരുമാന പ്രകാരം ചുറ്റുമതിലും കമ്പിവേലിയും ഗേറ്റും മാലിന്യങ്ങൾ സംസ്കരിക്കുവാനുള്ള കമ്പോസ്റ്റ്കുഴി നിർമ്മിക്കാനും മുറ്റവും റോഡും റിപ്പയർ, കറണ്ട് കണക്ഷൻ, ജലവിതരണ സംവിധാനം എന്നിവ ഏർപ്പെടുത്തി അറവുശാല തുറന്നുപ്രവർത്തിപ്പിക്കാനും തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തി. ഗുണഭോക്തൃ കമ്മിറ്റിവഴി പ്രവൃത്തി നടത്തിക്കുവാനും തീരുമാനം എടുത്തതായി കാണുന്നു. കമ്മിറ്റി രൂപീകരിച്ച് പ്രവൃത്തി നടത്തുവാൻ കൺവീനറായ ശ്രീ. പി. ടി. ജയിംസ് എന്ന വ്യക്തിയെ നിശ്ചയിച്ചതായും ടിയാൻ ചെക്ക് നമ്പർ 873690 തീയതി 29-1-2002 പ്രകാരം ഒരു ലക്ഷം രൂപ അഡ്വാൻസ് കൈപ്പറ്റിയതായും കാണുന്നു. എന്നാൽ മേൽപ്രവൃത്തികൾ നടത്തിയത് സംബന്ധിച്ചോ അറവുശാല തുറന്ന് പ്രവർത്തനം ആരംഭിച്ചതു സംബന്ധിച്ചോ യാതൊരു വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽപ്രസ്താവിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നമ്പർ 10/2005-06, 2006-07/കെ.എസ്/09 തീയതി 26-8-2009-ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് യാതൊരു നടപടിയും ലഭ്യമാക്കിയിട്ടില്ല.

2004-05-ൽ വി. വി. ജോൺ എന്ന കോൺട്രാക്ടർ (ബിൽ നമ്പർ 2/2005-06)

അറവുശാലയുടെ അനുബന്ധ പ്രവൃത്തികൾ നിർവ്വഹിച്ചതിന് 2,54,340 രൂപ കൈപ്പറ്റിയതായി കാണുന്നു (ഇതു സംബന്ധിച്ച ഫയലുകൾ, അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല). ഗുണഭോക്തൃ കമ്മിറ്റിവഴി നിർവ്വഹിക്കുവാൻ ഉദ്ദേശിച്ച് കൺവീനർ ശ്രീ. പി. ടി. ജയിംസ് കൈപ്പറ്റിയ അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച അറവുശാല പ്രയോജനരഹിതമായി കിടക്കുന്നതിനുപുറമെ 28,074 രൂപ വീതം വൈദ്യുതി ചാർജ്ജിനത്തിൽ നിലവിൽ ഒടുക്കിവരുകയും ചെയ്യുന്നു. മാത്രവുമല്ല അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡബ്ല്യൂ.പി(സി) നമ്പർ 21312/06, 2009 ആഗസ്റ്റ് 10-ാം തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് അനുസരിച്ച് മാത്രമെ അറവുശാലയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും പറ്റുകയുള്ളൂ. മേൽവസ്തുതകളുടെയെല്ലാം പശ്ചാത്തലത്തിൽ പൊതുമുതൽ പ്രയോജനരഹിതമായി തീർന്നത് സംബന്ധിച്ചും ഓഡിറ്റിൽ ആവശ്യമായ രേഖകൾ/വിവരങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ചും ഉചിതനടപടികൾക്കായി ഭരണ വകുപ്പിന് ശിപാർശ ചെയ്യുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ. കെ. സി. വേണുഗോപാലൻ നായർ,
28/2672, നിശാഗന്ധി, നെല്ലിക്കോട് പി.ഒ.,
കോഴിക്കോട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.1.2(iii).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

57. അഞ്ച് ലക്ഷം രൂപ എസ്റ്റിമേറ്റിട്ട അറവുശാല നിർമ്മാണത്തിലേക്കായി 2002-ൽ ഒരു ലക്ഷം രൂപ കൈപ്പറ്റുകയും വീണ്ടും 2005-06-ൽ അനുബന്ധ പ്രവൃത്തികൾക്കായി 2,54,340 രൂപ മറ്റൊരു കോൺട്രാക്ടർ കൈപ്പറ്റുകയും വൈദ്യുതി ചാർജ്ജിനത്തിൽ 28,074 രൂപ തുടർച്ചയായി നൽകിക്കൊണ്ടിരിക്കുകയും ചെയ്തെങ്കിലും അറവുശാല പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല എന്ന ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം ആരാഞ്ഞു.

58. റിസർവ് ഫോറസ്റ്റിനോട് ചേർന്നുകിടക്കുന്ന സ്ഥലമായതിനാൽ വനം വകുപ്പിന്റെ അനുമതി കിട്ടിയില്ലെന്നും ജനങ്ങളുടെ ശക്തമായ എതിർപ്പുണ്ടെന്നും കെ.എസ്.ഇ.ബി.യുടെ ഫിക്സഡ് ചാർജ്ജെന്ന നിലയ്ക്കാണ് വൈദ്യുതി ചാർജ്ജ് അടച്ചുകൊണ്ടിരുന്നതെന്നും കണക്ഷൻ വിച്ഛേദിച്ചതിനാൽ 12-1-2009-നുശേഷം വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നില്ലെന്നും പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതി മുമ്പാകെ ബോധിപ്പിച്ചു.

59. മുൻകൂട്ടി ആലോചിക്കാതെയാണോ ലക്ഷക്കണക്കിനു രൂപ മുടക്കി അറവുശാല നിർമ്മിക്കാൻ തീരുമാനിച്ചതെന്നും ആരുടെ നിർദ്ദേശപ്രകാരമാണ് അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം ഡോർമിറ്ററിയാക്കി മാറ്റാൻ തീരുമാനമെടുത്തതെന്നും സമിതി ആരാഞ്ഞു. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്ന് പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി.

60. അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം ഡോർമിറ്ററിയാക്കി മാറ്റി ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാൻ ഇനിയെത്ര തുക ചെലവുവരുമെന്നും ടി പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്നുമുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് അടിയന്തരമായി നല്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

61. **അറവുശാല നിർമ്മാണത്തിനായി 2002-ൽ ഒരു ലക്ഷം രൂപയും 2005-06-ൽ അനുബന്ധപ്രവൃത്തികൾക്കായി 2,54,340 രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ തുടർച്ചയായി 28,074 രൂപയും ചെലവഴിച്ചുവെങ്കിലും അറവുശാല പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിലെ പിഴവുമൂലമാണെന്ന് സമിതി വിലയിരുത്തുന്നു. വനം വകുപ്പിന്റെ അനുമതിയോ പൊതുജനാഭിപ്രായമോ തേടാതെ, അറവുശാല നിർമ്മാണത്തിനായി പൊതുപ്പണം ദുർവിനിയോഗം ചെയ്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വ്യക്തമായ ആസൂത്രണമില്ലാതെ പൊതുപ്പണം ദുർവിനിയോഗം ചെയ്യുന്ന പ്രവണത പഞ്ചായത്തുകളിൽ ഏറിവരുന്നതായി സമിതി നിരീക്ഷിക്കുന്നു. അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം ഡോർമിറ്ററിയാക്കി മാറ്റാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

നെന്മേനി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പുഞ്ചവയൽ കോളനി—ഡീസൽ മോട്ടോർ സ്ഥാപിച്ചത്**
**(ഓഡിറ്റ് വർഷം 2006-07 ; ഖണ്ഡിക 3.2)**

പുഞ്ചവയൽ കോളനിയിൽ കൃഷിഭവൻ മുഖേന 7.5 എച്ച്.പി. ഇലക്ട്രിക് മോട്ടോർ കൃഷി ആവശ്യത്തിനായി സ്ഥാപിച്ചത്, ടി കോളനിയിലെ മണി എന്ന വ്യക്തിയുടെ വീട്ടിൽ കൊണ്ടുപോയി വെച്ചതിനുള്ള ഓട്ടോ കൂലി വൗച്ചർ 83/31-8-2006 പ്രകാരം 175 രൂപ നൽകിയിട്ടുണ്ട്. മണി പഞ്ചായത്തിന് എഴുതിക്കൊടുത്ത കൈപ്പറ്റ് ചീട്ടിൽ, നാളിതുവരെ

വൈദ്യുതി ലഭിക്കാത്തതിനാൽ മേൽപ്പറഞ്ഞ മോട്ടോർ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും അതിനാൽ മോട്ടോറും അനുബന്ധ സാമഗ്രികളും പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ട പ്രകാരം ടിയാന്റെ വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ശ്രീ. മണി എഴുതിനൽകിയിട്ടുണ്ട്. ഇതുപ്രകാരം അന്വേഷിച്ചതിൽ ടിയാന്റെ വീട്ടിൽ മോട്ടോർ ഇല്ലായെന്നും പ്രസ്തുത കോളനിയിലെ മറ്റൊരാളുടെ കൈവശം ആണുള്ളതെന്നും കാണാൻ കഴിഞ്ഞു. ടിയാളുകളുമായി സംസാരിച്ചതിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി ടി സ്ഥലത്ത് പുതിയ ഡീസൽ മോട്ടോർ വാങ്ങി നൽകിയതിനാൽ ഈ മോട്ടോർ മാറ്റിയതാണെന്ന് അറിയിച്ചു. ഏകദേശം പത്ത് വർഷംമുമ്പ് കൃഷിഭവൻ മുഖാന്തിരം വാങ്ങി നൽകിയതാണ് ഇലക്ട്രിക് മോട്ടോർ എന്ന് അറിയിച്ചിട്ടും വൈദ്യുതി നിലവിൽ ഇല്ലാത്ത സ്ഥലത്ത് ഇലക്ട്രിക് മോട്ടോർ വാങ്ങി നൽകിയത് എന്തിനാണെന്നും ഇത് എന്ന് വാങ്ങി നൽകിയെന്നും ബോദ്ധ്യപ്പെട്ടിട്ടില്ല. മോട്ടോർ നൽകി 10 വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടികളും എടുത്തിട്ടുമില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ പണം ഫലപ്രദമല്ലാത്ത രീതിയിൽ ഉപയോഗിച്ച് ധനദുർവിനിയോഗം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിന്റെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ഇപ്പോൾ പുഞ്ചവയൽ കോളനിയിൽ സൂക്ഷിച്ചിട്ടുള്ള മോട്ടോർ, പഞ്ചായത്ത് നാളിതുവരെ തിരികെ കൊണ്ടുവന്നതായും കാണുന്നില്ല. ആയത് മടക്കി എടുക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

റ്റി. യു. പ്രേമൻ,
സൗപർണ്ണിക, എ 5-20 കെ.എസ്.ഇ.ബി. കോളനി,
മൈസൂർ റോഡ്, സുൽത്താൻ ബത്തേരി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.12(i).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

62. പുഞ്ചവയൽ പട്ടികവർഗ്ഗ കോളനിയിൽ കൃഷിഭവൻ മുഖേന കൃഷി ആവശ്യത്തിനായി ഇലക്ട്രിക് മോട്ടോർ വാങ്ങി ഉപയോഗപ്പെടുത്താതെ സ്വകാര്യ വ്യക്തിയുടെ കൈവശം സൂക്ഷിക്കാനിടയായതിനെപ്പറ്റി സമിതി ആരാഞ്ഞു. കൃഷിഭവൻ മുഖേന നടപ്പാക്കിയ പദ്ധതിയായിരുന്നെന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചിട്ടില്ലെന്നും വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നില്ലെന്നും പിന്നീട് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയൊരു ഡീസൽ മോട്ടോർ വാങ്ങി പ്രവർത്തിച്ചുവന്നതിനാൽ ഇലക്ട്രിക്

മോട്ടോർ ഉപയോഗിക്കാതെയിരിക്കുകയായിരുന്നുവെന്നും പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് വ്യക്തമാക്കി.

63. ഇലക്ട്രിക് മോട്ടോർ, മണി എന്നയാളുടെ കച്ചീട്ടിൽ നല്കിയിരുന്നുവെങ്കിലും ആയത് അടുത്ത വീട്ടിലാണ് സൂക്ഷിച്ചിരുന്നതെന്നും ആ വ്യക്തി വാടകയ്ക്ക് കൊടുത്തിരിക്കാമെന്നും ഇത്തരത്തിലുള്ള ധാരാളം ക്രമക്കേടുകൾ പട്ടികവർഗ്ഗ കോളനികളിൽ നടക്കുന്നുണ്ടെന്നും സമിതി ഈയവസരത്തിൽ ചൂണ്ടിക്കാട്ടി. ഇലക്ട്രിക് മോട്ടോർ അറ്റകുറ്റപ്പണി നടത്തിയാൽ പ്രവർത്തനക്ഷമമാക്കാനാകുമോയെന്നും ആയതിന് എത്ര തുക ചെലവുവരുമെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അതു സംബന്ധിച്ച് അറിയില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വൈദ്യുതിയില്ലാത്ത പട്ടികവർഗ്ഗ കോളനിയിൽ ഇലക്ട്രിക് മോട്ടോർ വാങ്ങി നൽകിയതിനെ സംബന്ധിച്ച് സർക്കാർ ഗൗരവപൂർവ്വം ഒരു വകുപ്പുതല അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

64. **നിലവിൽ വൈദ്യുതിയില്ലാത്ത പുഞ്ചവയൽ പട്ടികവർഗ്ഗ കോളനിയിൽ കൃഷി ആവശ്യത്തിനായി 7.5 H.P. ഇലക്ട്രിക് മോട്ടോർ സ്ഥാപിച്ചത് പൊതുപ്പണത്തിന്റെ ദുർവിനിയോഗമാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ പൊതുപ്പണം അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് സമിതി കർശനമായി നിർദ്ദേശിക്കുന്നു. മോട്ടോർ വാങ്ങി 10 വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്നതും സമിതി സഗൗരവം വീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് സർക്കാർ സമഗ്രമായ അന്വേഷണം നടത്തണമെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പുഞ്ചവയൽ കോളനിയിൽ സൂക്ഷിച്ചിട്ടുള്ള മോട്ടോർ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പഞ്ചായത്തിൽ തിരിച്ചെത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിൽ അനാസ്ഥ**
**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-2008 ; ഖണ്ഡിക നമ്പർ 3.17)**

1996-97-ലെ ജെ.ആർ.വൈ. പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി വിജിലൻസും ബഹു. കേരള ഹൈക്കോടതിയും കണ്ടെത്തിയ പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. മൊയ്തീൻകുഞ്ഞി S/o മാമ്മു, ചോമ്പാളൻ ഹൗസ്, തരുവണ എന്ന വ്യക്തിയിൽ നിന്നും ഈടാക്കേണ്ടുന്ന 33,542 രൂപ നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല. റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ

11-9-2006-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ-3-485/04 നമ്പറായി ബഹു. ജില്ലാ കളക്ടറോട് അപേക്ഷിച്ചതായി കാണുന്നു. ഇതിനെതിരെ കുടിശ്ശികക്കാരനായ ശ്രീ. മൊയ്തീൻകുഞ്ഞി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായം 26-2-2007-ലെ ഡബ്ല്യൂ.പി.സി. നമ്പർ 26060/2006 ബി. നമ്പരായി ഗ്രാമപഞ്ചായത്തിന് അനുകൂലമായി വിധിയുണ്ടാവുകയും ചെയ്തതായി കാണുന്നു. എന്നാൽ ഇതിനെത്തുടർന്ന് തുക ഈടാക്കാനുള്ള യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നമ്പർ 6/2006-07, 2007-08/കെ.എസ്./09 തീയതി 22-7-2009 അനുസരിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 30-7-2009-ന് ഹാജരാക്കിയ മറുപടിയിൽ റിക്കവറി നടപടികൾ പുനരാരംഭിച്ച് തുക വസൂലാക്കി വിവരം അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകാട്ടി എന്ന് അന്വേഷണ ഏജൻസിയും നീതിന്യായ സ്ഥാപനവും ഉത്തരവിട്ടിട്ടും നിയമാനുസൃതം ഈടാക്കേണ്ടുന്ന തുക സത്വരമായി ഈടാക്കാൻ ശ്രമിക്കാത്തത് കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.13(i).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

65. 1996-97-ൽ ജെ.ആർ.വൈ. പദ്ധതിയിലെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി വിജിലൻസും ബഹു. കേരള ഹൈക്കോടതിയും കണ്ടെത്തിയ പ്രവൃത്തിയുടെ കൺവീനറായിരുന്ന വ്യക്തിയിൽനിന്ന് ഈടാക്കേണ്ട 33,542 രൂപ നാളിതുവരെ ഈടാക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. 2007-ൽ കൺവീനർക്കെതിരെയുള്ള ഹൈക്കോടതി സ്റ്റേ വെക്കേറ്റ് ചെയ്തുകൊണ്ട് പഞ്ചായത്തിനനുകൂലമായ വിധി വന്ന ഉടൻതന്നെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതായിരുന്നുവെന്നും അങ്ങനെയുണ്ടായില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

66. കോടതിവിധി പഞ്ചായത്തിന് അനുകൂലമായി വന്നശേഷവും കൺവീനർക്കെതിരായി ആർ. ആർ. നടപടിക്കുള്ള തീരുമാനമെടുക്കുന്നതിന് ആറ് വർഷ മെടുക്കുകയും നടപടി ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റിന്റെ നിർദ്ദേശത്തിന്മേൽ നടപടി സംബന്ധിച്ച് അറിയിക്കാമെന്ന് പറഞ്ഞുവെങ്കിലും നടപടി സ്വീകരിക്കുകയോ ഓഡിറ്റിന് മറുപടി നല്കുകയോ ഉണ്ടായില്ല എന്ന് സമിതി നിരീക്ഷിച്ചു. കൂടാതെ, ആർ.ആർ. നടപടിയെടുക്കാൻ തീരുമാനിച്ചതിനുശേഷം അക്കാര്യം ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതിന് വീണ്ടും ഒരു വർഷം കാലതാമസമുണ്ടായതായും സമിതി കണ്ടെത്തി.

67. കോടതിയും അന്വേഷണ ഏജൻസിയും കൺവീനർക്കെതിരെ നടപടിയെടുക്കണ

മെന്ന് ഉത്തരവിട്ടിട്ടും യാതൊരു നടപടിയും എടുക്കാത്തതും കാലതാമസം വരുത്തിയതും മനഃപൂർവ്വമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ, സർക്കാർ ഇക്കാര്യം ഗൗരവമായി വീക്ഷിക്കണമെന്നും പഞ്ചായത്തിനനുകൂലമായി കോടതിവിധിയുണ്ടായിട്ടും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ കാലതാമസമുണ്ടായതിനുള്ള കാരണവും ആയതിന് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചും ഈടാക്കാനുള്ള തുക റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കാമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

**നിഗമനങ്ങൾ/ശിപാർശകൾ**

68. **1996-97-ൽ ജെ.ആർ.വൈ. പദ്ധതിയിലെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി വിജിലൻസും ബഹു. കേരള ഹൈക്കോടതിയും കണ്ടെത്തിയ, പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 33,542 രൂപ ആർ. ആർ. നടപടി മുഖേന ഈടാക്കുവാൻ തീരുമാനമെടുക്കുന്നതിന് 6 വർഷം എടുക്കുകയും അക്കാര്യം ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതിന് വീണ്ടും ഒരു വർഷം കാലതാമസം വരുത്തിയതും മനഃപൂർവ്വമാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതാണെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുനൽകിയിരുന്നെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് നൽകുന്ന ഉറപ്പുകൾ പാലിക്കാത്തത് സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പഞ്ചായത്തിന് അനുകൂലമായി കോടതിവിധി ഉണ്ടായിട്ടും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും കൺവീനറിൽ നിന്നും ഈടാക്കുവാനുള്ള തുക അടിയന്തരമായി ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2015 ഡിസംബർ 2. *ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3 | വയനാട് ജില്ലാ പഞ്ചായത്ത് | ചെന്നലോട് വിമലാ മഹിളാ സമാജത്തിന് സബ്സിഡിയായി അനുവദിച്ച തുക സ്ഥിരനിക്ഷേപമായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന പലിശ നഷ്ടപ്പെടുത്തിയതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കാലവിളംബം ഉണ്ടാകുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ കാവുംമന്ദം ശാഖയിൽ നിഷ്ക്രിയ നിക്ഷേപമായി തുടരുന്ന 1,33,500 രൂപ അടിയന്തരമായി ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 4 | ,, | വനിതകളുടെ സ്വയംതൊഴിൽ മേഖല വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പേപ്പർ ബാഗുകൾ, തുണി ബാഗുകൾ, റെക്സിൻ ബാഗുകൾ എന്നിവ നിർമ്മിക്കുന്നതിന് ആരംഭിച്ച യൂണിറ്റിൽ ഇപ്പോൾ യൂണിഫോമുകൾ, പാവാട, നൈറ്റി തുടങ്ങിയവയുടെ തയ്യലാണ് നടക്കുന്നത് എന്നതിനാൽ ടി പദ്ധതിയിൽ ബാഗ് നിർമ്മാണ പരിശീലന പരിപാടിക്കായി 'സ്റ്റെഡ്'-ന് നൽകിയ 66,500 രൂപ പാഴ്ചെലവായി സമിതി മനസ്സിലാക്കുന്നു. പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ കഴിയാഞ്ഞത് |

| | | | |
|---|---|---|---|
| | | | ആസൂത്രണത്തിൽ വന്ന പിഴവുമൂലമാണ് എന്ന് സമിതി വിലയിരുത്തുന്നു. പൊതുപ്പണം കൈകാര്യം ചെയ്യുന്നതിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും കൂടുതൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 6 | വയനാട് ജില്ലാ പഞ്ചായത്ത് | കോളനി വൈദ്യുതീകരണം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ലെങ്കിലും, ടി പദ്ധതി സദുദ്ദേശപരമായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ട് സർക്കാർ സാധൂകരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ, മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 8 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | സ്കൂളിന് കമ്പ്യൂട്ടർ വാങ്ങി നൽകിയതുൾപ്പെടെ വിവിധ പദ്ധതികൾക്കായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 54,98,537 രൂപയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 10 | പൂതാടി ഗ്രാമപഞ്ചായത്ത് | ജലസേചന പദ്ധതിക്കായി കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് 80,268 രൂപ ചെലവഴിച്ചുവെങ്കിലും ആയത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പദ്ധതിയെ ഏകദേശം 75 കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകുംവിധം കുടിവെള്ള പദ്ധതിയാക്കി മാറ്റിയതുവഴി പദ്ധതിപ്പണം ഉപയോഗയുക്തമാക്കുകയും ആയതിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | | പനമരം ഗ്രാമപഞ്ചായത്ത് | ഖരമാലിന്യ സംസ്കരണത്തിനായി 2005-06 വർഷം ആരംഭിച്ച പദ്ധതി 2012-13 വർഷവും പൂർത്തീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മാലിന്യങ്ങൾമൂലമുള്ള പ്രശ്നങ്ങൾ സംസ്ഥാനത്താകമാനം ഗുരുതരമായിരിക്കുമ്പോഴും പഞ്ചായത്തുകൾ മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട് പുലർത്തുന്ന ഉദാസീനത അപലപനീയമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിക്ക് സമ്പൂർണ്ണ ശുചിത്വ മിഷന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പദ്ധതി അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 22 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | തോരാമംഗലം ജലസേചനകുളം പ്രവൃത്തിക്ക് 22,000 രൂപ മാത്രമാണ് അഡ്വാൻസ് നൽകിയിട്ടുള്ളതെന്നും ബാക്കി തുക കൺവീനറുടെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപമുള്ളതായും സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നു. കൺവീനർക്ക് മുൻകൂർ നൽകിയ 22,000 രൂപ പലിശസഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ കൺവീനറുടെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ ഉള്ള തുക പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ വരവുവെക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 23 | ,, | വാളംവയൽ കുളം നിർമ്മാണം പ്രവൃത്തിയുടെ കൺവീനർക്ക് സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാൽ തുക വസൂൽ ചെയ്യാൻ |

| | | | |
|---|---|---|---|
| | | | സാധ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഒഴിവാക്കാനാവില്ലെന്നും കൺവീനർ മുൻക്കൂർ കൈപ്പറ്റിയ 1,00,000 രൂപ ടിയാനിൽ നിന്നോ ടിയാന്റെ അനന്തരാവകാശികളിൽ നിന്നോ ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 24 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | തോട്ടാമൂല വയൽ ജലസേചനകുളം പ്രവൃത്തിയുടെ കൺവീനർ മുൻക്കൂർ ആയി കൈപ്പറ്റിയ 1,00,000 രൂപയും പലിശയും സഹിതം 2,38,000 രൂപ തിരിച്ചടച്ചതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 26 | തരിയോട് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി വിശദമാക്കിയ കാര്യങ്ങൾ വസ്തുതകൾക്ക് വിരുദ്ധമാണെന്ന് സമിതി നിരീക്ഷിക്കുന്നു. തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കുടുംബശ്രീയെ ഏല്പിച്ച പണി യാതൊരു കരാറുമില്ലാതെ സബ്കോൺട്രാക്ട് കൊടുക്കാനിടയായത് എങ്ങനെയെന്നും ട്രസ്റ്റിയുമായി കരാർ വെക്കാതിരുന്നതിനുള്ള കാരണവും അതിനുത്തരവാദി ആരെന്നതും സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ച റിപ്പോർട്ട് നൽകുന്നതിനും പരാമർശവിധേയമായ എല്ലാ വീടുകളുടെയും പണി അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 28 | വൈത്തിരി ഗ്രാമപഞ്ചായത്ത് | ജോലിക്ക് കൂലി ഭക്ഷണം പരിപാടി അനുസരിച്ച്, നടപ്പാക്കാൻ ഉദ്ദേശിച്ച വട്ടക്കുന്ന് ആദിവാസി കോളനി ചെക്ക് ഡാം, കരിമ്പിൻകണ്ടി ജലസേചനം എന്നീ പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ ഇനത്തിൽ നൽകിയ തുകയിൽ സെക്രട്ടറിയുടെയും കൺവീനർമാരുടെയും സംയുക്ത അക്കൗണ്ടിലുള്ള തുക ഈടാക്കാനുള്ള നടപടി 7 വർഷത്തിനുശേഷം മാത്രമാണ് ആരംഭിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്കെതിരെയും തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാൻ വിസമ്മതിച്ച കൺവീനർമാർക്കെതിരെയും റവന്യൂ റിക്കവറി നടപടിയുൾപ്പെടെയുള്ളവ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 29 | ,, | കരിമ്പിൻകണ്ടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് മുൻകൂർ തുക കൈപ്പറ്റുകയും പണി പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്ത കൺവീനറുടെ വിവരം ലഭ്യമാക്കണമെന്ന പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാതിരുന്ന കല്പറ്റ വില്ലേജ് ഓഫീസർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 35 | എടവക ഗ്രാമപഞ്ചായത്ത് | പരാമർശവിധേയമായ മൂന്ന് പ്രവൃത്തികൾക്കുവേണ്ടി ആരംഭിച്ച് അക്കൗണ്ടിൽ നീക്കിയിരിപ്പില്ലുണ്ടായിരുന്ന തുകകൾ പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുള്ളതായും പ്രവൃത്തികൾ നടത്തുന്നതിനു വേണ്ടി മുൻകൂർ കൈപ്പറ്റിയ തുകകൾ പലിശ സഹിതം കൺവീനർമാർ തിരിച്ചടച്ചിട്ടുള്ളതായുമുള്ള സർക്കാർ മറുപടിയുടെയും ഓഡിറ്റ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 14 | 37 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | പരാമർശവിധേയമായ പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ നൽകിയ തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മുൻകൂർ നൽകിയ തുക അടിയന്തരമായി കൺവീനർമാരിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 40 | ,, | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് ഇൻഫോശ്രീ സിസ്റ്റംസ് ആന്റ് പെരിഫറൽസ് ചെമ്മനാടിന് മുൻകൂറായി നൽകിയ തുക റവന്യൂ റിക്കവറി മുഖേന അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 42 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത്, വാടകക്കാരുമായി കൃത്യമായി കരാർ വെക്കാത്തതിന്റെ ഫലമായി കുടിശ്ശികയിനത്തിൽ വൻതുക കിട്ടാനുണ്ടെന്നും കരാർ വെക്കാത്തതിനാൽ നിയമനടപടി സ്വീകരിക്കാൻ തടസ്സം നേരിടുന്നുവെന്നും സമിതി വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് കൊടുക്കുമ്പോൾ വാടകക്കാരുമായി കൃത്യമായ കരാർ വെക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വ്യക്തമായ കരാറില്ലാതെ ഷോപ്പിംഗ് കോംപ്ലക്സ് മുറികളും മാർക്കറ്റ് സ്റ്റാളുകളും ഉപയോഗിക്കുന്നവരെ ഒഴിപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 43 | തദ്ദേശസ്വയംഭരണ വകുപ്പ് | ഇത് ഒരു ഗ്രാമപഞ്ചായത്തിന്റെ മാത്രമായ വീഴ്ചയായി സമിതി കരുതുന്നില്ല. സംസ്ഥാനത്ത് പല ഗ്രാമപഞ്ചായത്തുകളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് ഏറ്റെടുക്കുന്ന വ്യക്തികളുമായി കൃത്യമായ കരാർ വയ്ക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വരശ്രദ്ധ പതിയണമെന്നും കരാർ വയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18 | 47 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കടുത്ത അനാസ്ഥ കാണിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 1985-86 മുതൽ 2006-07 വർഷം വരെ 20,35,662 രൂപ വാടക കുടിശ്ശികയുള്ളതിൽ 7,008 രൂപ മാത്രമാണ് ആകെ പിരിച്ചെടുത്തത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മുറികൾ തുടർച്ചയായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ അടയ്ക്കുന്ന തുക കുടിശ്ശികയിനത്തിൽ വരവുവെയ്ക്കേണ്ടതായിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. വാടക പിരിച്ചെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന അനാസ്ഥയിന്മേൽ സർക്കാർ തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വാടകയും വാടക കുടിശ്ശികയും യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിലും വാടകത്തുക അടയ്ക്കുന്നത് കുടിശ്ശികയിൽ വരവുവെക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിലും കർശന നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 55 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ റിപ്പോർട്ട് നൽകാനിടയായതിൽ മാപ്പപേക്ഷിച്ചുകൊണ്ടുള്ള സർക്കാർ കത്ത് സമിതി |

| | | | |
|---|---|---|---|
| | | | പരിഗണിക്കുകയുണ്ടായി. സമിതി മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന അവസരത്തിൽ കൂടുതൽ ശ്രദ്ധയും കാര്യക്ഷമതയും പുലർത്തണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും സമിതി കർശനമായി നിർദ്ദേശിക്കുന്നു. |
| 20 | 56 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ, ചട്ടവിരുദ്ധമായി വൻ ഇളവ് അനുവദിച്ചതിലൂടെ പഞ്ചായത്തിന് ഭീമമായ നഷ്ടം സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത നഷ്ടം ഈടാക്കുന്നതിന് പഞ്ചായത്ത് അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 61 | ,, | അറവുശാല നിർമ്മാണത്തിനായി 2002-ൽ ഒരു ലക്ഷം രൂപയും 2005-06-ൽ അനുബന്ധ പ്രവൃത്തികൾക്കായി 2,54,340 രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ തുടർച്ചയായി 28,074 രൂപയും ചെലവഴിച്ചുവെങ്കിലും അറവുശാല പ്രവർത്തന ക്ഷമമാക്കാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിലെ പിഴവുമൂലമാണെന്ന് സമിതി വിലയിരുത്തുന്നു. വനം വകുപ്പിന്റെ അനുമതിയോ പൊതുജനാഭിപ്രായമോ തേടാതെ, അറവുശാല നിർമ്മാണത്തിനായി പൊതുപ്പണം ദുർവിനിയോഗം ചെയ്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വ്യക്തമായ ആസൂത്രണമില്ലാതെ പൊതുപ്പണം ദുർവിനിയോഗം ചെയ്യുന്ന പ്രവണത പഞ്ചായത്തുകളിൽ ഏറിവരുന്നതായി സമിതി നിരീക്ഷിക്കുന്നു. അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം ഡോർമിറ്ററിയാക്കി മാറ്റാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 64 | നെന്മേനി ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | നിലവിൽ വൈദ്യുതിയില്ലാത്ത പുഞ്ചവയൽ പട്ടികവർഗ്ഗ കോളനിയിൽ കൃഷി ആവശ്യത്തിനായി 7.5 H.P. ഇലക്ട്രിക് മോട്ടോർ സ്ഥാപിച്ചത് പൊതുപ്പണത്തിന്റെ ദുർവിനിയോഗ മാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ പൊതുപ്പണം അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് സമിതി കർശനമായി നിർദ്ദേശിക്കുന്നു. മോട്ടോർ വാങ്ങി 10 വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്നതും സമിതി സഗൗരവം വീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് സർക്കാർ സമഗ്രമായ അന്വേഷണം നടത്തണമെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥർ ക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പുഞ്ചവയൽ കോളനിയിൽ സൂക്ഷിച്ചിട്ടുള്ള മോട്ടോർ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പഞ്ചായത്തിൽ തിരിച്ചെത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 68 | വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | 1996-97-ൽ ജെ.ആർ.വൈ. പദ്ധതിയിലെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി വിജിലൻസും ബഹു. കേരള ഹൈക്കോടതിയും കണ്ടെത്തിയ, പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 33,542 രൂപ ആർ. ആർ. നടപടി മുഖേന ഈടാക്കുവാൻ തീരുമാനമെടുക്കുന്നതിന് 6 വർഷം എടുക്കുകയും അക്കാര്യം ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതിന് വീണ്ടും ഒരു വർഷം കാലതാമസം വരുത്തിയതും മനഃപൂർവ്വമാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതാണെന്ന് തെളിവെടുപ്പ് വേളയിൽ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകിയിരുന്നെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. തെളിവെട്ടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് നൽകുന്ന ഉറപ്പുകൾ പാലിക്കാത്തത് സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പഞ്ചായത്തിന് അനുകൂലമായി കോടതിവിധി ഉണ്ടായിട്ടും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും കൺവീനറിൽ നിന്നും ഈടാക്കുവാനുള്ള തുക അടിയന്തരമായി ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.